2024 NOVEMBER
04
MONDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




## അങ്കമാലി, എരുമേലി ശബരി റെയിൽ യാഥാർഥ്യമാകും കേന്ദ്രമന്ത്രി



**തൃശൂർ:** അങ്കമാലി, എരുമേലി ശബരി റെയിൽപാത യാഥാർഥ്യമാക്കാൻ കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും സമാന പദ്ധതിയിൽ മഹാരാഷ്ട്ര സർക്കാരിനു നൽകിയ ധാരണാ പത്രത്തിന്റെ മാതൃക കേരളത്തിനു കൈമാറി തുടർനടപടികൾ സ്വീകരിക്കുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്. രൂപരേഖയിലെ സാങ്കേതിക പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിച്ചാൽ കേരളത്തിന്റെ സിൽവർലൈൻ പദ്ധതിയുടെ അംഗീകാരത്തിനും തുടർനടപടികൾക്കും കേന്ദ്രം സന്നദ്ധമാണെന്നും കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്.

നിലവിലെ പദ്ധതി രേഖയുമായി മുന്നോട്ടുപോകാൻ കഴിയില്ലെന്നും മാറ്റങ്ങൾ വരുത്തിയാൽ പരിഗണിക്കാമെന്നും മുഖ്യമന്ത്രിയോടു ഡൽഹിയിൽ നടന്ന കൂടിക്കാഴ്ചയിൽ വ്യക്തമാക്കിയിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. തൃശൂർ റെയിൽവേ സ്റ്റേഷൻ 393.58 കോടി രൂപ ചെലവഴിച്ചു പുതുക്കി നിർമിക്കുന്ന പദ്ധതിയുടെ ഔദ്യോഗിക പ്രഖ്യാപനം നിർവഹിക്കുകയായിരുന്നു കേന്ദ്ര മന്ത്രി.

ഇതോടൊപ്പം അന്തിമ രൂപരേഖ വിലയിരുത്തുകയും സ്റ്റേഷനിൽ പരിശോധന നടത്തുകയും ചെയ്തു. കോഴിക്കോട് റെയിൽവേ സ്റ്റേഷനിൽ നടക്കുന്ന നവീകരണ പ്രവൃത്തിയും മന്ത്രി വിലയിരുത്തി.

ഇതിനിടെ, കേരളത്തിൽ സിൽവർലൈൻ പദ്ധതിക്കെതിരെ ആദ്യസമരം നടത്തിയ കോഴിക്കോട് വെങ്ങളം കെ റെയിൽ പ്രതിരോധ ജനകീയ സമിതി കാട്ടിൽപീടികയിലെ സമരപ്പന്തൽ വരും ദിവസങ്ങളിൽ വീണ്ടും സജീവമാക്കാനൊരുങ്ങുന്നു.

2020 ജൂലൈയിലാണു ജനകീയ പ്രതിരോധ സമിതി സമരം ആരംഭിച്ചത്. മുഖ്യമന്ത്രി പിണറായി വിജയൻ കേന്ദ്രമന്ത്രിയെ കണ്ടു ചർച്ച നടത്തിയപ്പോൾ പ്രതിഷേധ സൂചകമായി സമരപ്പന്തലിൽ ഒത്തുകൂടി നാട്ടുകാർ പന്തംകൊളുത്തി പ്രകടനം നടത്തിയിരുന്നു.

## കശ്മീരിൽ ഭീകരരുടെ ഗ്രനേഡ് ആക്രമണം; 12 പേർക്ക് പരിക്ക്

**ശ്രീനഗർ:** ഭീകരർ നടത്തിയ ഗ്രനേഡ് ആക്രമണത്തിൽ ശ്രീനഗറിൽ 12 പേർക്ക് പരിക്ക്. ടൂറിസ്റ്റ് റിസപ്ഷൻ സെന്ററിലും ഞായറാഴ്ച ച്ചന്തയിലുമായിരുന്നു ആക്രമണം. ടൂറിസ്റ്റ് റിസപ്ഷൻ സെന്ററിന് അടുത്തുണ്ടായിരുന്ന സുരക്ഷാ ഉദ്യോഗസ്ഥർക്ക് നേരെയാണ് ഭീകരർ ഗ്രനേഡ് എറിഞ്ഞത്. ഇത് ലക്ഷ്യം തെറ്റി കച്ചവടക്കാർക്കിടയിലേക്ക് വീഴുകയായിരുന്നു.

സംസ്ഥാനത്തെ ഭീകരാക്രമണങ്ങൾ തടയാൻ സുരക്ഷാ സേനകൾ സാധ്യമായതെല്ലാം ചെയ്യണമെന്ന് ജമ്മുകശ്മീർ മുഖ്യമന്ത്രി ഒമർ അബ്ദുല്ല പറഞ്ഞു. നിഷ്കളങ്കരായ ജനങ്ങളെ അക്രമികൾ ലക്ഷ്യമിടുന്നതിൽ ഒരു ന്യായീകരണവും ഇല്ലെന്നും സേനകൾ ഇത്തരം ആക്രമണം അവസാനിപ്പിക്കാൻ നടപടിയെടുത്താൽ മാത്രമേ ജനങ്ങൾക്ക് ഭയമില്ലാതെ ജീവിക്കാൻ കഴിയൂ എന്നും എക്സിലെ കുറിപ്പിൽ ഒമർ വ്യക്തമാക്കി.അടുത്തിടെ ജമ്മു കശ്മീരിൽ ഭീകരരും സൈന്യവും തമ്മിലുള്ള ഏറ്റുമുട്ടലുകൾ വർധിച്ചിട്ടുണ്ട്. ജമ്മു കശ്മീരിൽ ഇന്നലെ 2 ഏറ്റുമുട്ടലുകളിൽ പാക്ക് ഭീകരസംഘടന ലഷ്കറെ തയിബയുടെ കമാൻഡർ അടക്കം 3 ഭീകരരെ സുരക്ഷാസേന കൊന്നിരുന്നു. ശ്രീനഗറിലെ ഖന്യാറിൽ വീടിനുള്ളിൽ ഒളിച്ചിരുന്ന ഭീകരർ വെടിയുതിർത്തപ്പോൾ സേന നടത്തിയ പ്രത്യാക്രമണത്തിലാണു ലഷ്കർ ഭീകരനെ കൊന്നത്. 2 സിആർപിഎഫ് ജവാന്മാർക്കും 2 പൊലീസുകാർക്കും പരുക്കേറ്റു. ദക്ഷിണ കശ്മീരിലെ അനന്ത്നാഗ് ജില്ലയിൽ ലാർനൂ മേഖലയിലെ ഹൽകൻ ഗലിയിൽ നടന്ന ഏറ്റുമുട്ടലിൽ 2 ഭീകരരെയും കൊന്നു.

## മൂന്നാം ടെസ്റ്റിലും ഇന്ത്യയ്ക്ക് തോൽവി, ന്യൂസീലൻഡിന് പരമ്പര



**മുംബൈ:** ഒടുവിൽ ഇന്ത്യ ഭയന്നതു തന്നെ സംഭവിച്ചു. 147 റൺസ് വിജയലക്ഷ്യം പിന്തുടരാനിറങ്ങിയ ഇന്ത്യ 121 റൺസിന് രണ്ടാം ഇന്നിങ്സിൽ ഓൾ ഔട്ടായി. 25 റൺസ് വിജയത്തോടെ ന്യൂസീലൻഡ് പരമ്പര 3, 0ന് സ്വന്തമാക്കി. ഇന്ത്യ ഒരു ടെസ്റ്റ് പരമ്പരയിലെ മത്സരങ്ങളെല്ലാം തോൽക്കുന്നത് ചരിത്രത്തിൽ ആദ്യമായാണ്. വൈറ്റ് വാഷ് ഒഴിവാക്കാൻ ഇറങ്ങിയ ഇന്ത്യയ്ക്കായി ഋഷഭ് പന്ത് അർധ സെഞ്ചറി നേടിയെങ്കിലും രണ്ടാം ഇന്നിങ്സിൽ മറ്റാർക്കും തിളങ്ങാൻ സാധിച്ചില്ല. 57 പന്തുകൾ നേരിട്ട താരം 64 റൺസെടുത്തു പുറത്തായി.

മൂന്നാം ദിവസം രണ്ടാം ഇന്നിങ്സ് ബാറ്റിങ്ങിനിറങ്ങിയ ഇന്ത്യയ്ക്ക് 29 റൺസെടുക്കുന്നതിനിടെ അഞ്ചു വിക്കറ്റുകൾ നഷ്ടമായിരുന്നു. ക്യാപ്റ്റൻ രോഹിത് ശർമ (11 പന്തിൽ 11), യശസ്വി ജയ്സ്വാൾ (16 പന്തിൽ അഞ്ച്), ശുഭ്മൻ ഗിൽ (ഒന്ന്), വിരാട് കോലി (ഒന്ന്), സർഫറാസ് ഖാൻ (ഒന്ന്) എന്നിവരാണ് തുടക്കത്തിൽ തന്നെ പുറത്തായി മടങ്ങിയത്. രവീന്ദ്ര ജഡേജ (22 പന്തിൽ ആറ്), വാഷിങ്ടൻ സുന്ദർ (69 പന്തിൽ 12), ആർ. അശ്വിൻ (29 പന്തിൽ എട്ട്) എന്നിവരും ബാറ്റിങ്ങിൽ നിരാശപ്പെടുത്തി.സ്കോർ 13ൽ നിൽക്കെ മാറ്റ് ഹെൻറിയുടെ പന്തിൽ ഗ്ലെൻ ഫിലിപ്സ് ക്യാച്ചെടുത്താണ് രോഹിത് പുറത്തായത്. ഗില്ലും കോലിയും അജാസ് പട്ടേലിന്റെ പന്തിൽ പുറത്തായി മടങ്ങി. യശസ്വി ജയ്സ്വാളിനെ ഫിലിപ്സ് എൽബിഡബ്ല്യുവിൽ കുടുക്കുകയായിരുന്നു. പിന്നാലെയെത്തിയ സർഫറാസ് ഖാനെ ബൗണ്ടറി നേടാനുള്ള ശ്രമത്തിനിടെ രചിൻ രവീന്ദ്ര ക്യാച്ചെടുത്തു പുറത്താക്കി.ഋഷഭ് പന്ത് തകർത്തടിച്ചതോടെ ഇന്ത്യ 100 കടന്നു. ഒരു സിക്സും ഒൻപതു ഫോറുകളുമാണ് ഋഷഭ് പന്ത് ബൗണ്ടറി കടത്തിയത്. വിജയപ്രതീക്ഷയിൽ നിൽക്കെ പന്തിനെ അജാസ് പട്ടേൽ പുറത്താക്കിയത് കളിയിൽ നിർണായകമായി. പിന്നാലെയെത്തിയവർക്കും പിടിച്ചുനിൽക്കാൻ സാധിക്കാതിരുന്നതോടെ ഇന്ത്യ മൂന്നാം തോൽവിയിലേക്കു വീണു. രണ്ടാം ഇന്നിങ്സിൽ കിവീസിനായി അജാസ് പട്ടേൽ ആറു വിക്കറ്റുകൾ സ്വന്തമാക്കി.

## ഉടൻ കുടിശിക തീർക്കണം, ഇല്ലെങ്കിൽ വൈദ്യുതിയില്ല: ബംഗ്ലദേശിനോട് അദാനി ഗ്രൂപ്പ്



**ന്യൂഡൽഹി:** നവംബർ ഏഴിനകം വൈദ്യുതി കുടിശിക അടച്ചില്ലെങ്കിൽ ബംഗ്ലദേശിലേക്കുള്ള വൈദ്യുതി വിതരണം നിർത്തിവയ്ക്കുമെന്ന് അദാനി ഗ്രൂപ്പ്. 7200 കോടി രൂപയോളമാണ് കുടിശിക ഇനത്തിൽ കമ്പനിക്ക് ലഭിക്കാനുള്ളത്. കുടിശിക വർധിച്ചതിനെത്തുടർന്ന് ബംഗ്ലദേശിനുള്ള വൈദ്യുതി വിതരണം അദാനി ഗ്രൂപ്പ് ഭാഗികമായി നിർത്തി. ഒക്ടോബർ 31 മുതലാണ് ബംഗ്ലദേശിലേക്കുള്ള വൈദ്യുതി വിതരണം അദാനി പവർ ജാർഖണ്ഡ് ലിമിറ്റഡ് കമ്പനി ഭാഗികമായി നിർത്തിയത്.

1496 മെഗാവാട്ട് ബൈദ്യുതി നൽകേണ്ട സ്ഥാനത്ത് 724 മെഗാവാട്ട് മാത്രമാണ് വെള്ളിയാഴ്ച ബംഗ്ലദേശിന് നൽകിയത്. ഒക്ടോബർ 30ന് മുൻപ് കുടിശിക അടയ്ക്കാൻ ബംഗ്ലദേശ് പവർ ഡവലപ്മെന്റ് ബോർഡിന് നിർദേശം നൽകണമെന്ന് അദാനി ഗ്രൂപ്പ് ബംഗ്ലദേശ് പവർ സെക്രട്ടറിയോട് ആവശ്യപ്പെട്ടിരുന്നു. ഇത് അവഗണിക്കപ്പെട്ടതോടെയാണ് വൈദ്യുതി വിതരണത്തിൽ കുറവു വരുത്തിയത്. പണം എന്ന് അടയ്ക്കുമെന്നതിൽ വ്യക്തത ഇല്ലാതെ വന്നതോടെയാണ് അദാനി ഗ്രൂപ്പ് കടുത്ത നടപടികൾക്ക് മുതിർന്നതെന്ന് ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു



# കെ.എസ്.ഇ.ബി പോസ്റ്റുകളിൽ കേബിൾ വലിക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഹാജരാക്കണം: മനുഷ്യാവകാശ കമ്മീഷൻ

**കൊച്ചി:** കെ.എസ്.ഇ.ബി യുടെ പോസ്റ്റുകളിൽ കേബിൾ വലിക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഹാജരാക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസ്.കേബിൾ കുരുങ്ങി ദാരുണ സംഭവങ്ങൾ റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ കെ.എസ്.ഇ.ബി യുടെയും ബന്ധപ്പെട്ട വകുപ്പുകളുടെയും ഭാഗത്ത് നിന്നും കർശനമായ പരിശോധന ഇക്കാര്യത്തിലുണ്ടാകണമെന്നും കമ്മീഷൻ ഉത്തരവിൽ പറഞ്ഞു.

കെ. എസ്.ഇ.ബി പോസ്റ്റിൽ സ്ഥാപിച്ച കേബിളിൽ കുരുങ്ങി കളമശേരി മസ്ജിദ് ഇമാമിന് പരിക്കേറ്റ സംഭവത്തിൽ കമ്മീഷൻ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് നടപടി.കെ.എസ്.ഇ.ബി പോസ്റ്റുകളിൽ കേബിൾ വലിക്കുന്നതിന് അപേക്ഷിക്കേണ്ട വിധം, അപേക്ഷാഫീസ്, അപേക്ഷ ആർക്കാണ് സമർപ്പിക്കേണ്ടത്, അപേക്ഷ തയ്യാറാക്കാൻ നിശ്ചിത ഫോറം ഉണ്ടോ, അപേക്ഷയുടെയും സ്ഥലത്തിന്റെയും സൂക്ഷ്മ പരിശോധന നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ വിവരങ്ങൾ, കേബിൾ വലിക്കാൻ അപേക്ഷകന് നൽകുന്ന കാലാവധി,വലിച്ച കേബിൾ കെ.എസ്.ഇ.ബി ഉദ്യോഗസ്ഥർ പരിശോധിക്കാറുണ്ടോ എന്നീ വിവരങ്ങൾ അടങ്ങിയ സമഗ്രമായ മാർഗനിർദ്ദേശമാണ് ഹാജരാക്കേണ്ടത്.

കെ.എസ്.ഇ.ബി സെക്രട്ടറിയോ ചീഫ് എഞ്ചിനീയറോ മൂന്നാഴ്ചക്കകം സമർപ്പിക്കണം. ഇത്തരം അപകടങ്ങൾ ആവർത്തിക്കുന്നതിന്റെ കാരണങ്ങളും റിപ്പോർട്ടിലുണ്ടാവണം.ഡിസംബർ 3 ന് രാവിലെ 10 ന് എറണാകുളം ഗവ.ഗസ്റ്റ് ഹൗസിൽ നടക്കുന്ന സിറ്റിംഗിൽ കെ. എസ്. ഇ.ബി സെക്രട്ടറി / ചീഫ് എഞ്ചിനീയർ ചുമതലപ്പെടുത്തുന്ന മുതിർന്ന ഉദ്യോഗസ്ഥൻ നേരിട്ട് ഹാജരായി വിവരങ്ങൾ കമ്മീഷനെ ബോധ്യപ്പെടുത്തണം.

ജില്ലാ പോലീസ് മേധാവി, കളമശേരി മുൻസിപ്പൽ സെക്രട്ടറി, പൊതുമരാമത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ പ്രതിനിധികളും സിറ്റിംഗിൽ ഹാജരാകണം.

# ഔഷധസസ്യ പ്രദർശനവും ബോധവൽക്കരണവും

**കൊച്ചി:** ജില്ലാ ആയുർവേദ ആശുപത്രിയുടെ നേതൃത്വത്തിൽ നാഗാർജുന ആയുർവേദയുമായി സഹകരിച്ച് നവംബർ 4 ന് രാവിലെ 10 മണി മുതൽ 2 മണി വരെ ആശുപത്രി പരിസരത്ത് വെച്ച് സഞ്ചരിക്കുന്ന തുറന്ന വാഹനത്തിൽ ഔഷധ സസ്യ പ്രദർശനവും ഡോ. സഫ്ന , ഡോ നിരഞ്ജന എന്നിവരുടെ നേതൃത്വത്തിൽ ഔഷധ സസ്യങ്ങളുടെ ഉപയോഗം സംബന്ധിച്ച ബോധവൽക്കരണവും നടത്തുന്നു.

ജില്ലാ ആയുർവേദ ആശുപത്രിയിൽ കഴിഞ്ഞ ഒരാഴ്ചയായി നടത്തിവരുന്ന ദേശീയ ആയുർവേദ വരാചാരണത്തിന്റെ സമാപനത്തോട് അനുബന്ധിച്ചാണ് ഈ പരിപാടി സംഘടിപ്പിക്കുന്നത്. നമുക്ക് ചുറ്റിലും കാണുന്ന സസ്യങ്ങളുടെ ഔഷധ ഗുണങ്ങൾ മനസ്സിലാക്കിയാൽ പ്രാഥമിക ചികിത്സകളിൽ അവ ഉൾപ്പെടുത്തുവാൻ സാധിക്കും.

അത്തരം സസ്യങ്ങൾ സംരക്ഷിക്കുവാനുള്ള മാർഗ്ഗങ്ങൾക്കും പ്രാധാന്യം കൊടുക്കുവാൻ സാധിക്കും.

പൊതുജനങ്ങൾക്ക് ഔഷധ സസ്യങ്ങളെക്കുറിച്ച് കൂടുതൽ അറിയാനും അറിവ് മറ്റുള്ളവർക്ക് പകർന്നു നൽകാനുമുള്ള അവസരമായി കണ്ട് ഈ പരിപാടിയിൽ പങ്കെടുക്കണമെന്ന് ചീഫ് മെഡിക്കൽ ഓഫീസർ ഡോ. ഷർമദ് ഖാൻ അറിയിച്ചു.

# അമൃത കോളേജ് ഓഫ് നഴ്സിംഗിൽ ഇരുപത്തിരണ്ടാം വാർഷികാഘോഷം

**കൊച്ചി:** നഴ്സിംഗ് വിദ്യാഭ്യാസ രംഗത്ത് 22 വർഷങ്ങൾ പൂർത്തിയാക്കി അമൃത കോളേജ് ഓഫ് നഴ്സിംഗ്. കൊച്ചി അമൃത വിശ്വവിദ്യാപീഠം ക്യാമ്പസിൽ നടന്ന വാർഷികാഘോഷ ചടങ്ങ് സിനിമാ സംവിധായകനും നടനുമായ മേജർ രവി ഉദ്ഘാടനം ചെയ്തു.

അമൃത കോളേജ് ഓഫ് നഴ്സിംഗ് പ്രിൻസിപ്പൽ ഡോ. കെ.ടി. മോളി അധ്യക്ഷത വഹിച്ച ചടങ്ങിൽ അമൃത ഹോസ്പിറ്റൽ നഴ്സിംഗ് ഡയറക്ടർ ബ്രഹ്മചാരിണി സായ് ബാല എം മുഖ്യ പ്രഭാഷണം നടത്തി. നഴ്സിംഗ് വൈസ് പ്രിൻസിപ്പൽ പ്രൊഫസർ ഷീല പവിത്രൻ, ഫാർമസി പ്രിൻസിപ്പൽ ഡോ. സബിത എം, ഡെന്റസ്ട്രി വൈസ് പ്രിൻസിപ്പൽ ഡോ. രാകേഷ് എസ് എന്നിവരും ചടങ്ങിൽ പങ്കെടുത്തു. ന്യൂസ് ലെറ്റർ പ്രകാശനവും ചടങ്ങിൽ നടന്നു.

തുടർന്ന് അമൃത കോളേജ് ഓഫ് നഴ്സിംഗ് വിദ്യാർത്ഥികളുടെ വിവിധ കലാപരിപാടികളും അരങ്ങേറി.

# ഭരണഘടനാ മൂല്യങ്ങളും മനുഷ്യാവകാശങ്ങളും സംരക്ഷിക്കുന്നതാണ് വിവരാവകാശനിയമം: മേയർ



**കൊച്ചി :** ഭരണഘടനാ മൂല്യങ്ങളെ ഉയർത്തിപിടിക്കുകയും മനുഷ്യാവകാശങ്ങളെ സംരക്ഷിക്കുകയും ചെയ്യുന്നതാണ് വിവരാവകാശനിയമമെന്ന് കൊച്ചി കോർപറേഷൻ മേയർ അഡ്വ. എം അനിൽകുമാർ പറഞ്ഞു. സർക്കാർ ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ സുതാര്യമാക്കാനും ജനങ്ങളോടുള്ള ഉത്തരവാദിത്വം വർധിപ്പിക്കാനും ജനാധിപത്യത്തെ കൂടുതൽ ഫലപ്രദമാക്കുന്നതിനും ഈ നിയമം ഏറെ സഹായിച്ചു.കൊച്ചിൻ കോർപറേഷൻ, ചാവറ കൾച്ചറൽ സെന്റർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് എന്നിവ സംയുക്തമായി സംഘടിപ്പിച്ചഭരണഭാഷ വാരാഘോഷവും വിവരാവകാശ നിയമ സെമിനാറും ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രാതിനിധ്യ ജനാധിപത്യത്തിൽ നിന്നു പങ്കാളിത്ത ജനാധിപത്യപ്രയാണത്തെ അർത്ഥപൂർണ്ണമാക്കിയത്താണ് വിവരാവകാശനിയമത്തിന്റെ രണ്ടു പതിറ്റാണ്ടിന്റെ പ്രധാന നേട്ടമെന്ന് സംസ്ഥാന വിവരാവകാശ കമ്മീഷണർ ഡോ. എ. അബ്ദുൾ ഹക്കീം മുഖ്യപ്രഭാഷണത്തിൽ പറഞ്ഞു. സർക്കാർ ഓഫീസുകളിലെ ഫയലുകൾ നാട്ടിലെ ഏത് പൗരനും പരിശോധിക്കാൻ വിവരാവകാശ നിയമം അധികാരം നൽകുന്നുണ്ട്. ഓഫീസർമാർ ജനപക്ഷത്തു നിന്ന് വിവരാവകാശ അപേക്ഷകൾ തീർപ്പാക്കണമെന്ന് അദ്ദേഹം പറഞ്ഞു.എറണാകുളം ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മിഷൻ പ്രസിഡന്റ് ഡി. ബി. ബിനു, സുപ്രീം കോടതി അഡ്വക്കേറ്റ് ഓൺ റെക്കോഡ് സ് അഡ്വ. ജോസ് എബ്രഹാം എന്നിവർ ചർച്ചകൾ നയിച്ചു.ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ് സി. എം. ഐ അധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ ഇൻഫർമേഷൻ ഓഫീസർ എൻ. ബി. ബിജു, കൊച്ചിൻ കോർപറേഷൻ ജോയിന്റ് സെക്രട്ടറി പത്മനാഭൻ എന്നിവർ പ്രസംഗിച്ചു.



# മാതൃ ഭാഷാസ്നേഹം സ്വാതന്ത്ര്യത്തിന്റെ പര്യായമാണ് : പ്രൊഫ.എം.കെ.സാനു

**കൊച്ചി:** ഭാഷ നഷ്ടപ്പെട്ടാൽ സ്വാതന്ത്ര്യം നഷ്ടപെടുന്നതാണ്, സ്വാതന്ത്ര്യം എന്നത് മറ്റൊരുതരത്തിൽ തരേണ്ടതാണ് അത് ആത്മധൈര്യം കൊണ്ട് കാണിക്കേണ്ടതാണ്. മാതൃഭാഷാസ്നേഹം സ്വാതന്ത്ര്യത്തിന്റെ പര്യായമാനിന്നും പ്രൊഫ. എം.കെ. സാനു അഭിപ്രായപ്പെട്ടു.

ആചരണം കൊണ്ട് മാത്രമല്ല ഭാഷ വളരേണ്ടത്, നമുക്ക് തന്നെ ഭാഷയെ സ്നേഹിക്കാൻ കഴിയണം,അതിനു മനസ് സ്വാതന്ത്രമായിരിക്കണം, ഇച്ഛാശക്തി ഉണ്ടാകണം. ഭാഷയെ സംരക്ഷിക്കുവാനും വളർത്തുവാനും പരിപോഷിപ്പിക്കുവാനും ഏത് ലോകോത്തര ഭാഷയ്ക്കും ഒപ്പം എത്തിക്കുവാനും സാധിക്കുമെന്ന് സാനു മാസ്റ്റർ പറഞ്ഞു. ചാവറ കൾച്ചറൽ സെന്റർ സംഘടിപ്പിച്ച മലയാള ഭാഷാദിനാചരണം ഉദ് ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാന സർക്കാരിൻറെ പരമോന്നത ബഹുമതിയായ കേരള ജ്യോതി പുരസ്ക്കാരത്തിന് അർഹനായ സാനു മാസ്റ്ററെ ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ് സി.എം.ഐ, കെ.വി.പി.കൃഷ്ണകുമാർ, കെ.എ.മുരളീധരൻ, കരിക്കാമുറി റെസിഡൻസ് അസോസിയേഷൻ പ്രസിഡന്റ് പി.എ. സദാശിവൻ, സനാളപൊട്ടി എന്നിവർ ചേർന്ന് പൂച്ചെണ്ട് നൽകി പൊന്നാടയിട്ടു ആദരിച്ചു.

ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ് സി.എം. ഐ, അധ്യക്ഷത വഹിച്ചു.

കവിയും പ്രഭാഷകനുമായ ദേശമംഗലം രാമകൃഷ്ണൻ മുഖ്യ പ്രഭാഷണം നടത്തി. മഹാരാജാസ് കോളേജ് മലയാള വിഭാഗം മേധാവി ഡോ .സുമി ജോയ് ഓലിയപ്പുറം,, സനൽ പോറ്റി , എന്നിവർ പ്രസംഗിച്ചു.

വയനാടിൻറെ പശ്ചാത്തലത്തിൽ പ്രകൃതി ചൂഷണവും നാടിന്റെ നൊമ്പരവും ആസ്പദമാക്കി ബഷീർ അഹമ്മദ് രചിച്ചു അശോകൻ അർജുനൻ സംഗീതം നൽകി ഗണേഷ് പ്രഭു, ജെമിനി അനിൽ എന്നിവർ ചേർന്ന് ആലപിച്ച പുഞ്ചിരി മട്ടം കവിതാവതരണം നടത്തി. ബഷീർ അഹമ്മദിനെ ദേശമംഗലം രാമകൃഷ്ണനും, അശോകൻ അർജുനനെ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ പ്രസിഡണ്ട് ഡി .ബി.ബിനുവും ആദരിച്ചു.

# ഏഴാമത്തെ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയും വിജയം; അഭിമാനമായി കോട്ടയം മെഡിക്കൽ കോളേജ്

**തിരുവനന്തപുരം:** സംസ്ഥാനത്ത് സർക്കാർ മെഡിക്കൽ കോളേജുകളിലെ പത്താമത്തെ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയും വിജയകരമായി പൂർത്തിയായി. 3 കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ തിരുവനന്തപുരം മെഡിക്കൽ കോളേജിലും 7 കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ കോട്ടയം മെഡിക്കൽ കോളേജിലുമാണ് നടന്നത്. ലക്ഷക്കണക്കിന് രൂപ ചെലവ് വരുന്ന അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയകളിൽ രോഗികൾക്കുണ്ടാകുന്ന സാമ്പത്തിക പ്രതിസന്ധി ഇടപെട്ട് പരിഹരിക്കണമെന്ന ലക്ഷ്യത്തോടെയാണ് സർക്കാർ ആശുപത്രികളിൽ അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ യാഥാർത്ഥ്യമാക്കിയത്. കോട്ടയത്ത് സർജിക്കൽ ഗ്യാസ്ട്രോഎൻട്രോളജി വിഭാഗം മേധാവി ഡോ. സിന്ധുവും തിരുവനന്തപുരത്ത് സർജിക്കൽ ഗ്യാസ്ട്രോഎൻട്രോളജി വിഭാഗം മേധാവി ഡോ. രമേശ് രാജനുമാണ് ശസ്ത്രക്രിയകൾക്ക് നേതൃത്വം നൽകുന്നത്. രണ്ട് മെഡിക്കൽ കോളേജുകളിലെയും ആരോഗ്യ പ്രവർത്തകരെ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അഭിനന്ദനം അറിയിച്ചു.



ഏഴാമത്തെ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയാണ് ഇന്നലെ കോട്ടയം മെഡിക്കൽ കോളേജിൽ പൂർത്തിയായത്. ഗുരുതര കരൾ രോഗം ബാധിച്ച മാവേലിക്കര സ്വദേശിയായ 57 വയസുകാരനാണ് കരൾ മാറ്റിവച്ചത്. അദ്ദേഹത്തിന്റെ മകൻ മൂന്നാം വർഷ ബി.കോം. വിദ്യാർത്ഥിയായ 20 വയസുകാരനാണ് കരൾ പകുത്ത് നൽകിയത്. മെഡിക്കൽ കോളേജുകളിൽ നടത്തിയ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകളിൽ കരൾ പകുത്ത് നൽകിയ ഏറ്റവും പ്രായം കുറഞ്ഞ വ്യക്തി കൂടിയാണ്. വിജയകരമായ ശസ്ത്രക്രിയയ്ക്ക് ശേഷം ഇരുവരും തീവ്രപരിചരണ വിഭാഗത്തിൽ നിരീക്ഷണത്തിലാണ്.

സർക്കാർ ആശുപത്രികളിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ യാഥാർത്ഥ്യമാക്കണമെന്ന ഇച്ഛാശക്തിയുടെ ഫലമായാണ് ഈ സർക്കാരിന്റ കാലത്ത് ഇത് സാധ്യമാക്കിയത്. മന്ത്രി വീണാ ജോർജിന്റെ നേതൃത്വത്തിൽ നിരന്തരം ചർച്ചകളും ഇടപെടലുകളും നടത്തി മികച്ച സൗകര്യങ്ങളൊരുക്കിയാണ് മെഡിക്കൽ കോളേജുകളിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ യാഥാർത്ഥ്യമാക്കിയത്. 2022 ഫെബ്രുവരി 14ന് കോട്ടയം മെഡിക്കൽ കോളേജിലാണ് ആദ്യമായി കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയിപ്പിച്ചത്. തുടർന്നാണ് രണ്ട് മെഡിക്കൽ കോളേജുകളിലുമായി ഇത്രയും കരൾമാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ നടത്തിയത്. കഴിഞ്ഞ മാസം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടന്നിരുന്നു. ദാതാവും സ്വീകർത്താവും സുഖം പ്രാപിച്ചതിനെ തുടർന്ന് കഴിഞ്ഞദിവസം ഇവർ ആശുപത്രി വിട്ടിരുന്നു.

സർക്കാർ മേഖലയിൽ കരൾമാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയിച്ചിരിക്കുന്നത് ആരോഗ്യ മേഖലയുടെ വലിയൊരു നേട്ടം കൂടിയാണ്. സംസ്ഥാനത്ത് അവയവം മാറ്റിവയ്ക്കാനായി കാത്തിരിക്കുന്നവർ ധാരാളമുണ്ട്. സ്വകാര്യ മേഖലയിൽ 40 ലക്ഷത്തോളം രൂപ ഇത്തരം ശസ്ത്രക്രിയയ്ക്ക് വേണ്ടി വരും. അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയനാകുന്ന വ്യക്തിയെ സംബന്ധിച്ച് വലിയ സാമ്പത്തിക പ്രതിസന്ധിയാണ് ഇതുമൂലം ഉണ്ടാകുന്നത്.

ഇതിനൊരു പരിഹാരം കാണാനാണ് സർക്കാർ മേഖലയിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ യാഥാർത്ഥ്യമാക്കിയത്. ഇത് കൂടാതെ അവയവദാന മേഖലയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഒരു കുടക്കീഴിൽ കൊണ്ടു വരിക എന്ന ലക്ഷ്യവുമായി കോഴിക്കോട് ട്രാൻസ്പ്ലാന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നു. അവയവങ്ങൾക്ക് കേടുപാട് വന്നവരുടെ ചികിത്സ മുതൽ അവയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയും പുനരധിവാസവും വരെയുള്ള സമഗ്ര പരിചരണം സാധ്യമാക്കുന്ന തരത്തിലാണ് ഇൻസ്റ്റിറ്റ്യൂട്ട് രൂപകൽപന ചെയ്തിരിക്കുന്നത്.

# ഭരണഭാഷപരിശീലന ക്ലാസ്സ് സംഘടിപ്പിച്ചു

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ 2024ലെ ഭരണഭാഷാവാരാഘോഷം പരിപാടിയുടെ രണ്ടാം ദിനത്തിൽ ഭരണഭാഷാപരിശീലന ക്ലാസ്സ് സംഘടിപ്പിച്ചു. കുസാറ്റ് രജിസ്ട്രാർ ഡോ.അരുൺ എ.യു സ്വാഗതമാശംസിച്ച പരിപാടിയിൽ, സെക്രട്ടറിയേറ്റിലെ ഔദ്യോഗികഭാഷാവകുപ്പ് ഭാഷാവിദഗ്ധനായ ഡോ.ആർ ശിവകുമാർ ക്ലാസ്സ് നയിച്ചു. ഭരണഭാഷയെയും സംസാരഭാഷയെയും വേർതിരിക്കുന്ന ഘടകങ്ങളെക്കുറിച്ചും, അവയുടെ ലളിതമായ ഉപയോഗത്തെക്കുറിച്ചും ഭരണഭാഷ മലയാളമാക്കുന്നതിൽ ജനാധിപത്യപരമായ ഒരു തലം കൂടിയുണ്ടെന്നും അദ്ദേഹം പറഞ്ഞു.ഒരു സാധാരക്കാരന് അനായാസം മനസ്സിലാകുന്ന രീതിയിലാകണം ഭരണഭാഷാപ്രയോഗം എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.




# മലയാള ഭാഷാ ദിനാഘോഷവും ബാലചന്ദ്രൻ വടക്കേടത്ത് അനുസ്മരണവും നാളെ

**ആലുവ:** ആലുവ നഗരസഭയുടെ ആഭിമുഖ്യത്തിൽ മലയാള ഭാഷാ ദിനാഘോഷവും ബാലചന്ദ്രൻ വടക്കേടത്ത് അനുസ്മരണവും നവംബർ 5ാം തീയതി ചൊവ്വാഴ്ച നടക്കും. മുനിസിപ്പൽ ലൈബ്രറി അങ്കണത്തിൽ ഉച്ചയ്ക്കുശേഷം 3 മണിക്ക് ചേരുന്ന ചടങ്ങിൽ വച്ച് യു.സി.കോളേജ് മലയാള വിഭാഗം ഡോ.ഷിമി പോൾ ബേബി മലയാള ഭാഷാ ദിനാഘോഷം ഉദ്ഘാടനം ചെയ്യും. മലയാള ഭാഷാ നിരൂപകനായിരുന്ന ബാലചന്ദ്രൻ വടക്കേടത്ത് അനുസ്മരണ പ്രഭാഷണം ഡോ. സജു മാത്യു നിർവ്വഹിക്കുന്നതാണ്.

മുനിസിപ്പൽ ചെയർമാൻ എം.ഒ.ജോൺ ചടങ്ങിൽ അധ്യക്ഷത വഹിക്കും. ഡെപ്യൂട്ടി ചെയർപേഴ്സൺ സൈജി ജോളി, സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻമാരായ ലത്തീഫ് പൂഴിത്തറ, മിനി ബൈജു, എം.പി.സൈമൺ, ലിസ ജോൺസൺ, ഫാസിൽ ഹുസൈൻ, പ്രതിപക്ഷ നേതാവ് ഗയിൽസ് ദേവസി പയ്യപ്പിള്ളി, കൗൺസിലർ എൻ.ശ്രീകാന്ത്, മുനിസിപ്പൽ സെക്രട്ടറി ജെസി ത.പി.ജെ. എന്നിവർ സംസാരിക്കും. കേരളപ്പിറവി ദിനത്തോടനുബന്ധിച്ചുള്ള മലയാള ഭാഷാ ദിനാഘോഷത്തിൻറെയും ഭരണ ഭാഷാ വാരാചരണത്തിൻറെയും ഭാഗമായിട്ടാണ് പരിപാടികൾ സംഘടിപ്പിച്ചിട്ടുള്ളത്.



# ഡോ. പല്പുവിന്റെ 161 മത് ജന്മദിന അനുസ്മരണം യോഗം

**തൃശൂർ:** കേരളത്തിന്റെ സാമൂഹ്യപരിഷ്കാർത്താവും എസ്.എൻ.ഡി.പി യോഗം സ്ഥാപകനുമായ ഡോ. പല്പുവിന്റെ 161 മത് ജന്മദിനം എസ്.എൻ.ഡി.പി യോഗം തൃശൂർ യൂണിയൻ ആഘോഷിച്ചു. യൂണിയൻ ആസ്ഥാനത്ത് നടന്ന യോഗം എസ്.എൻ.ഡി.പി യോഗം അസി. സെക്രട്ടറി കെ.വി സദാനന്ദൻ ഉദ്ഘാടനം ചെയ്തു. യൂണിയൻ പ്രസിഡന്റ് ഐ.ജി പ്രസന്നൻ അധ്യക്ഷത വഹിച്ചു. ഒളരി ശാഖ യൂണിയൻ പ്രതിനിധിയും പ്രഭാഷകനുമായ പ്രകാശൻ മാസ്റ്റർ ഡോ. പല്പു അനുസ്മരണ പ്രഭാഷണം നടത്തി. യൂണിയൻ സെക്രട്ടറി ഇൻ ചാർജ്ജ് മോഹൻ കുന്നത്ത് സ്വാഗതവും വനിതാസംഘം കേന്ദ്ര സമിതി സെക്രട്ടറി അഡ്വ. സംഗീത വിശ്വനാഥൻ നന്ദിയും പറഞ്ഞു. യോഗത്തിൽ യൂണിയൻ വൈസ് പ്രസിഡന്റ് ടി.ആർ രഞ്ജു, യോഗം ഡയറക്ടർ ബോർഡ് അംഗങ്ങളായ കെ.വി വിജയൻ , എൻ.വി രഞ്ജിത്ത്, യൂണിയൻ കൗൺസിലർമാരായ നെല്ലിപറമ്പിൽ മോഹൻദാസ്, ഇന്ദിര ദേവി ടീച്ചർ, കെ. ആർ മോഹനൻ, കെ.ആർ ഉണ്ണികൃഷ്ണൻ വനിതാസംഘം യൂണിയൻ സെക്രട്ടറി എം. ആർ രാജശ്രീ എന്നിവർ പ്രസംഗിച്ചു.

# കേരളപ്പിറവിദിനാഘോഷം ആഘോഷിച്ചു

**തിരുവനന്തപുരം :** കേരളപ്പിറവി ദിനാഘോഷത്തിന്റെ ഭാഗമായി കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് സെമിനാറും കോളെജ്സർവകലശാല വിദ്യാർഥികൾക്കായി ക്വിസ് മത്സരവും സെമിനാറും സംഘടിപ്പിച്ചു. കേരളപ്പിറവിദിനാഘോഷവും സെമിനാർ ഉദ്ഘാടനവും മലയാളം മിഷൻ ഡയറക്ടർ കവി മുരുകൻ കാട്ടാക്കട നിർവഹിച്ചു. സമ്മേളനത്തിൽ അധ്യക്ഷത വഹിച്ച ഡയറക്ടർ ഡോ. എം. സത്യൻ ജീവനക്കാർക്ക് ഭരണഭാഷാ പ്രതിജ്ഞയും ചൊല്ലിക്കൊടുത്തു. അസി. ഡയറക്ടർ എൻ. ജയകൃഷ്ണൻ സ്വാഗതവും റിസർച്ച് ഓഫീസർ അമ്പിളി ടി.കെ നന്ദിയും പറഞ്ഞു. ഗ്രന്ഥകാരി ഡോ. ഷീബ ദിവാകരൻ, പി.ആർ.ഒ റാഫി പൂക്കോം എന്നിവർ സംസാരിച്ചു. സീനിയർ റിസർച്ച് ഓഫീസർ സ്മിത ഹരിദാസിന്റെ കേരള ഗാനത്തോടെ പരിപാടികൾക്ക് തുടക്കമായി.

'കേരളചരിത്രവും സംസ്കാരവും' എന്ന വിഷയത്തിൽ സംസ്ഥാനത്തെ ബിരുദ ബിരുദാനന്തരബിരുദ വിദ്യാർഥികൾക്ക് വേണ്ടി നടത്തിയ ക്വിസ് മത്സരത്തിൽ 150ൽപ്പരം വിദ്യാർഥികൾ പങ്കെടുത്തു. ക്വിസ് മത്സരം ഡയറക്ടർ ഡോ.എം. സത്യൻ ഉദ്ഘാടനം ചെയ്തു. ക്വിസ് മത്സരത്തിൽ ഒരു കോളെജിനെ പ്രതിനിധീകരിച്ച് രണ്ടു പേരടങ്ങിയ ടീമാണ് പങ്കെടുത്തത്. തലശ്ശേരി ഗവ. ബ്രണ്ണൻ കോളെജ് (അശ്വതി പി.എ., ഗീതിക വി.കെ.) ഒന്നാം സ്ഥാനവും ദേവമാത കോളെജ് കുറവിലങ്ങാട് (അനുപ്രിയ ജോജോ, റോസ്മെറിൻ ജോജോ) രണ്ടാം സ്ഥാനവും കാര്യവട്ടം ക്യാംപസ് (ഉത്തരഉദയൻ, മാളവിക) മൂന്നാം സ്ഥാനവും നേടി. നാലായിരം രൂപയാണ് ഒന്നാം സമ്മാനം. 3000, 2000 എന്നിങ്ങനെയാണ് രണ്ടും മൂന്നും സ്ഥാനക്കാർക്കുള്ള സമ്മാനത്തുക. പങ്കെടുത്ത വിദ്യാർഥികൾക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

## ജൈവവൈവിധ്യ പാരിസ്ഥിതിക ആഘാതം വിശദീകരണ യോഗം നവംബർ 5 ന്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ നാഷണൽ സെന്റർ ഫോർ അക്വാട്ടിക് അനിമൽ ഹെൽത്തിൻറെ ആഭിമുഖ്യത്തിൽ അക്വാകൾച്ചർ സ്റ്റുവാർഡ്ഷിപ് കൗൺസിൽ സർട്ടിഫിക്കേഷന്റെ ഭാഗമായി ചെമ്മീൻ ഫാമുകളിൽ നടത്തിയ ജൈവവൈവിധ്യ പാരിസ്ഥിതിക ആഘാത പഠനത്തിലെ കണ്ടെത്തലുകളും സുസ്ഥിര ചെമ്മീൻ കൃഷിയുടെ ആവാസവ്യവസ്ഥയിൽ ഉണ്ടാക്കുന്ന സ്വാധീനങ്ങൾ, പ്രത്യാഘാതങ്ങൾ എന്നിവയെക്കുറിച്ചും ചർച്ച ചെയ്യുന്നതിന് വിശദീകരണ യോഗം ചേരുന്നു.ആലപ്പുഴ ജില്ലയിലെ കുത്തിയതോട്, കോടംതുരുത്ത് വില്ലേജുകളിൽ കൊടിപ്പുറമ്പ്, കണ്ടത്തിൽ നടത്തിയ പഠനങ്ങളുടെ പശ്ചാത്തലത്തിലാണ് യോഗം ചേരുന്നത്.നവംബർ 5, രാവിലെ 10 ന് എഴുപുന്ന സൗത്ത് എൻഎസ്എസ് കരയോഗം ഹാളിൽ വച്ചാണ് യോഗം ചേരുന്നത്.

## ഡിഡിയു കൗശൽ കേന്ദ്രയിൽ ദേശീയ ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രം

**കൊച്ചി :** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ ഡി ഡി യു കൗശൽ കേന്ദ്രയും കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലുമായി സഹകരിച്ച് അധ്യാപകർക്കും, ഇൻഡസ്ട്രി പ്രൊഫെഷണൽസിനും, ഗവേഷണ വിദ്യാർത്ഥികൾക്കുമായി 'എൻഗേജിങ് ഇൻഡസ്ട്രി കൺസൾട്ടിങ് പ്രോജെക്ടസ്' എന്ന വിഷയത്തിൽ ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രം സംഘടിപ്പിക്കുന്നു. കുസാറ്റിലെ സെന്റർ ഫോർ സയൻസ് ഇൻ സൊസൈറ്റി (സിസിസ്) ഓഡിറ്റോറിയത്തിൽ, ഇന്ന് രാവിലെ 9:30 ന് നടക്കുന്ന പരിപാടി കുസാറ്റ് വൈസ് ചാൻസലർ പ്രൊ.ഡോ.എം ജുനൈദ് ബുഷിരി ഉദ്ഘാടനം ചെയ്യും.

## താഴത്തങ്ങാടി വള്ളംകളി 16ന്

**കോട്ടയം:** താഴത്തങ്ങാടി മത്സരവള്ളംകളി 16നു താഴത്തങ്ങാടി ആറ്റിൽ നടക്കും. ചാംപ്യൻസ് ബോട്ട് ലീഗ് മത്സരങ്ങളുടെ അറിയിപ്പ് ലഭിച്ചതിനെത്തുടർന്നാണ് കോട്ടയം മത്സരവള്ളംകളി 16നു നടത്താൻ തീരുമാനിച്ചതെന്നു സംഘാടകർ അറിയിച്ചു. നെഹ്റു ട്രോഫി മത്സരത്തിൽ ആദ്യസ്ഥാനങ്ങളിൽ എത്തിയ 9 ചുണ്ടൻ വള്ളങ്ങളെയും 30ൽ പരം ചെറുവള്ളങ്ങളെയും ഉൾപ്പെടുത്തിയായിരിക്കും വള്ളംകളി സംഘടിപ്പിക്കുന്നത്.
ചെറുവള്ളങ്ങളുടെ റജിസ്ട്രേഷൻ ഇന്നു പുനരാരംഭിക്കും റജിസ്ട്രേഷൻ 10ന് 4ന് അവസാനിക്കും. ചാംപ്യൻസ് ബോട്ട് ലീഗിന്റെ ഉദ്ഘാടന വേദി താഴത്തങ്ങാടി ആയതിനാൽ വിപുലമായ ഒരുക്കങ്ങളാണ് ക്രമീകരിക്കുന്നതെന്നും സംഘാടകരായ കോട്ടയം വെസ്റ്റ് ക്ലബ് ഭാരവാഹികൾ അറിയിച്ചു. വള്ളംകളിയോടനുബന്ധിച്ച് 15നു വഞ്ചിപ്പാട്ട് മത്സരം സംഘടിപ്പിക്കും. സ്മരണിക പ്രകാശനം ചെയ്യും. വിവരങ്ങൾക്ക് ഫോൺ: 9447888156, 9447052184.

## മൃഗശാലയിൽ നിന്നു പുത്തൂരിലേക്ക് മൃഗങ്ങളെ വീണ്ടും മാറ്റിത്തുടങ്ങി

**തൃശൂർ:** മൃഗശാലയിൽ നിന്നു പുത്തൂരിലേക്ക് മൃഗങ്ങളെ വീണ്ടും മാറ്റിത്തുടങ്ങി. കേന്ദ്ര മൃഗശാല അതോറിറ്റിയുടെ (സെൻട്രൽ സൂ അതോറിറ്റി) അനുമതി ലഭിച്ചതിനു പിന്നാലെ കഴിഞ്ഞ വർഷം ഒക്ടോബറിൽ മൃഗങ്ങളിൽ ചിലതിനെ മാറ്റിയെങ്കിലും ഒരു പന്നിമാനും പക്ഷികളിൽ ചിലതും ചത്തിരുന്നു. ഇതോടെ ആവാസ വ്യവസ്ഥ പൂർണ സജ്ജമാകുന്നതിനു മുൻപേ ജീവികളെ മൃഗശാലയിലെത്തിച്ചതാണു ജീവൻ നഷ്ടപ്പെടാനിടയാക്കിയെന്ന് ആരോപണമുയർന്നിരുന്നു. ഈ വർഷം സ്വാഭാവിക ആവാസവ്യവസ്ഥ സംരക്ഷിക്കാനുള്ള ക്രാൽ അടക്കം പൂർത്തിയായതോടെയാണു വീണ്ടും തൃശൂരിൽ നിന്നു മൃഗങ്ങളെ പുത്തൂരിലേക്കു മാറ്റുന്നത്.

രണ്ടു മ്ലാവുകളെ ബോമ ക്യാപ്ചറിങ് ടെക്നിക്കിലൂടെ കൂട്ടിലാക്കി തൃശൂരിൽ നിന്നു റോഡുമാർഗം പുത്തൂരിലെത്തിച്ചു. മ്ലാവുകളെ അവയുടെ സ്വാഭാവിക ആവാസവ്യവസ്ഥയിൽ! സംരക്ഷിക്കാനുള്ള ക്രാലിന്റെ നിർമാണം പാർക്കിൽ പൂർത്തിയായിട്ടുണ്ട്. മേൽക്കൂരയുള്ള ക്രാലിനു സമീപം പുൽത്തടികളിലും ഒരുക്കിയിട്ടുണ്ട്. രണ്ടു മ്ലാവുകളെയും രണ്ടാഴ്ച വെറ്ററിനറി ഡോക്ടർമാരുടെ നേതൃത്വത്തിൽ നിരീക്ഷിക്കും. തുടർന്നു ആരോഗ്യനില വിലയിരുത്തിയ ശേഷമാകും വീണ്ടും മൃഗങ്ങളെ മാറ്റുക.

ആദ്യഘട്ടത്തിൽ മാൻ ഇനത്തിലുള്ള 80 മൃഗങ്ങളെയാണു തൃശൂരിൽ നിന്നു പുത്തൂരിലെത്തിക്കുന്നത്. പുള്ളിമാൻ, കലമാൻ, പന്നിമാൻ, മ്ലാവ് എന്നീ ഇനങ്ങളിലെ 20 വീതം മൃഗങ്ങളെയാണു മാറ്റുക. മാൻ ഇനത്തിൽ 191 മൃഗങ്ങളാണ് ആകെ തൃശൂർ മൃഗശാലയിലുള്ളത്. ഒരു വർഷത്തെ അനിശ്ചിതത്തിനൊടുവിലാണു തൃശൂർ മൃഗശാലയിൽ നിന്നു സുവോളജിക്കൽ പാർക്കിലേക്കു വീണ്ടും മൃഗങ്ങളെ മാറ്റുന്നത്. കഴിഞ്ഞ വർഷം ഒക്ടോബറിൽ പുത്തൂരിലെത്തിച്ച മൃഗങ്ങളിൽ ചിലതു ചത്തതോടെ തൃശൂരിൽ നിന്നുള്ള മാറ്റം താൽക്കാലികമായി നിർത്തിവയ്ക്കുകയായിരുന്നു.

പാർക്കിലേക്കു മൃഗങ്ങളെ മാറ്റാനുള്ള സമയപരിധി കേന്ദ്ര മൃഗശാല അതോറിറ്റി നീട്ടി നൽകിയിട്ടുണ്ട്. ഇതിനുള്ളിൽ! പരമാവധി മൃഗങ്ങളെ പുത്തൂരിലേക്കു കൊണ്ടുവരാനാണു ശ്രമിക്കുന്നത്.




# ഇന്റഗ്രേറ്റഡ് ആയുഷ് ആശുപത്രി: നടപടികൾ പുരോഗമിക്കുന്നു

**കൊട്ടാരക്കര:** സർക്കാർ ആയുർവേദ ആശുപത്രിയെ ഇന്റഗ്രേറ്റഡ് ആയുഷ് ആശുപത്രിയായി ഉയർത്താൻ നടപടിയായി. കരാർ നടപടികൾ ഈ മാസം പൂർത്തിയാക്കുമെന്നു മന്ത്രി കെ.എൻ.ബാലഗോപാൽ അറിയിച്ചു. 30 കിടക്കകളോടു കൂടിയ 4 നില കെട്ടിടമാണു നിർമിക്കുന്നത്. 9.5 കോടി രൂപ ചെലവിട്ട് 2012 ചതുരശ്രമീറ്ററിലാണു സമുച്ചയം ഒരുക്കുക. ആയുർവേദ ചികിത്സയ്ക്കു പുറമേ സിദ്ധ, യോഗ, യുനാനി, നാചുറോപ്പതി ചികിത്സാ സൗകര്യങ്ങളും ഉൾപ്പെടുത്തിയാണ് ആയുഷ് ഇന്റഗ്രേറ്റഡ് ആശുപത്രിയായി വിപുലീകരിക്കുന്നത്. തറനിരപ്പിനു താഴത്തെ നിലയിൽ ആശുപത്രിയുടെ ഭരണനിർവഹണ ഓഫിസുകൾ പ്രവർത്തിക്കും.

ഒന്നാം നിലയിൽ രോഗികൾക്കും ഒപ്പം എത്തുന്നവർക്കും സൗകര്യങ്ങൾ, മരുന്ന് സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള സംവിധാനങ്ങൾ, ലബോറട്ടറി, ഫിസിയോതെറപ്പി മുറി, റജിസ്ട്രേഷൻ കൺസൾട്ടിങ് ഉൾപ്പെടെ മുറികൾ ക്രമീകരിക്കും. രണ്ടാം നിലയിൽ പേവാർഡും സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകം വാർഡുകളും. മൂന്നാം നിലയിലും പേ വാർഡ് സജ്ജീകരിക്കും. ആയുർവേദത്തിലെയും മറ്റു ചികിത്സാ രീതികളിലെയും ചികിത്സാ സംവിധാനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങളും ഈ നിലയിൽ ഒരുക്കും.



# പാടശേഖരങ്ങളൊരുങ്ങി; അപ്പർ കുട്ടനാട്ടിൽ വിതയുത്സവം തുടങ്ങി

**പെരിങ്ങര:** അപ്പർ കുട്ടനാട്ടിൽ വിതയുത്സവം തുടങ്ങി. പടവിനകം ബി പാടശേഖരത്തിൽ കർഷകർ കൂട്ടായി വിത്തു വിതച്ചു കൊണ്ടാണ് ഈ വർഷത്തെ പുഞ്ചകൃഷിക്കു തുടക്കം കുറിച്ചത്. തിരുവോണ നാളിൽ തുടങ്ങിയ കൃഷിയൊരുക്കത്തിനു ശേഷം ദീപാവലി ദിനത്തിൽ വിത്തു വിതയ്ക്കാൻ കഴിഞ്ഞതിന്റെ ആഹ്ലാദത്തിലാണു കർഷകർ.

കഴിഞ്ഞ വർഷം വരിനെല്ലിന്റെ ആധിക്യം കൂടുകയും വിളവിനെ ബാധിക്കുകയും ചെയ്തതോടെ ഇത്തവണ വരിനെല്ലിനെയും കവടയെയും നശിപ്പിച്ചശേഷമാണു വിത്തു വിതച്ചത്.വിതയിറക്കുന്നതിനോടൊപ്പം ഇനി പാടത്തു നിന്നു വെള്ളം വറ്റിക്കേണ്ടിവരും. വെള്ളം പമ്പു ചെയ്തു കളയുന്നതിനും കയറ്റുന്നതിനും ആവശ്യത്തിനു മോട്ടറും പെട്ടിയും പറയും ഇല്ലാത്ത ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായി കർഷകർ പറഞ്ഞു.

ഇത്തവണ വിതയ്ക്കാനുള്ള വിത്തിനു പോലും കർഷകർ അയൽ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വന്നു.

പാടശേഖര സമിതി പ്രസിഡന്റ് ചെല്ലപ്പൻ പെരുനിലം, സെക്രട്ടറി രാജൻ കോലത്ത്, കൺവീനർ പ്രസാദ് കറുകയിൽ, ജയകുമാർ പെരുനിലം, ബിജു മമ്പഴ, സജീവൻ കൈതവന, ബിജു കുരുവിക്കാട്, ബിജു പാലത്തിട്ട,, പൗലോസ്, അനിയച്ചൻ വെട്ടുചിറ തുടങ്ങിയ കർഷകരാണ് വിത്തു വിതയ്ക്ക് നേതൃത്വം നൽകിയത്.

120 ദിവസം മൂപ്പുള്ള ജ്യോതി നെൽവിത്താണ് വിതച്ചത്. അടുത്തയാഴ്ച പടവിനകം എ പാടശേഖരത്തിൽ വിത്തിറക്കും.

# യുണൈറ്റഡ് കിംഗ്ഡം ഓഫ് കേരള




ഉപചാരപൂർവ്വം ഗുണ്ട ജയൻ ‘എന്ന ചിത്രത്തിനു ശേഷംഅരുൺ വൈഗ തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന ‘യുണൈറ്റഡ് കിംഗ്ഡം ഓഫ് കേരള ‘ എന്ന ചിത്രത്തിന്റെ ടൈറ്റിൽ പോസ്റ്റർ റിലീസായി.രഞ്ജിത്ത് സജീവ്, ജോണി ആന്റണി,ഇന്ദ്രൻസ്, മനോജ് കെ ജയൻ, ഡോക്ടർ റോണി മനോജ് കെ യു,സംഗീത,മീര വാസുദേവ്,മഞ്ജു പിള്ള, സാരംഗി ശ്യാം, തുടങ്ങിയവർക്കൊപ്പം അൽഫോൻസ് പുത്രൻ ഒരു പ്രധാന കഥാപാത്രത്തെ അവതരിപ്പിക്കുന്നു.

ഫ്രാഗ്രന്റ് നേച്ചർ ഫിലിം ക്രിയേഷൻസ്, പൂയപ്പള്ളി ഫിലിംസ് എന്നീ ബാനറിൽ ആൻ, സജീവ്,അലക്സാണ്ടർ മാത്യു എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം സിനോജ് പി അയ്യപ്പൻ നിർവഹിക്കുന്നു.മൈക്ക്,ഖൽബ്, ഗോളം എന്നി ചിത്രങ്ങൾക്ക് ശേഷം രഞ്ജിത്ത് സജീവ് നായക കഥാപാത്രത്തെ അവതരിപ്പിക്കുന്ന ചിത്രമാണിത്.ശബരീഷ് വർമ്മ എഴുതിയ വരികൾക്ക് രാജേഷ് മുരുകേശൻ (നേരം,പ്രേമം ഫെയിം)സംഗീതം പകരുന്നു.

എഡിറ്റർഅരുൺ വൈഗ. ലൈൻ പ്രൊഡ്യൂസർഹാരിസ് ദേശം,പ്രൊഡക്ഷൻ കൺട്രോളർറിനി ദിവാകർ,കലസുനിൽ കുമരൻ,മേക്കപ്പ്ഹസ്സൻ വണ്ടൂർ,വസ്ത്രാലങ്കാരംമെൽവി ജെ,പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്വിനോഷ് കൈമൾ, ചീഫ് അസോസിയേറ്റ് ഡയറക്ടർ കിരൺ റാഫേൽ,സ്റ്റിൽസ്ബിജിത്ത് ധർമ്മടം, പരസ്യക്കലഓൾഡ്മോങ്ക്സ്.ഈരാറ്റുപേട്ട,വട്ടവട, കൊച്ചി, ഗുണ്ടൽപേട്ട്, തിരുവനന്തപുരം, ചെന്നൈ എന്നി വിടങ്ങളിലായി ചിത്രീകരണം പൂർത്തിയാക്കിയ യുണൈറ്റഡ് കിംഗ്ഡം ഓഫ് കേരള ‘ ഉടൻ പ്രദർശനത്തിനെത്തും.പി ആർ ഒഎ എസ് ദിനേശ്

# ഒരുമ്പെട്ടവൻ




ഇന്ദ്രൻസ്,ജാഫർ ഇടുക്കി,ജോണി ആന്റണി,ഡയാന ഹമീദ്,ബേബി കാശ്മീര എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി സുജീഷ് ദക്ഷിണ കാശി, ഹരിനാരായണൻ കെ എം എന്നിവർ ചേർന്ന് സംവിധാനം ചെയ്യുന്ന ‘ഒരുമ്പെട്ടവൻ‘എന്ന ചിത്രത്തിന്റെ മോഷൻ പോസ്റ്റർ, സംവിധായകൻ ലിജോ ജോസ് പല്ലിശ്ശേരി,നടൻ ആസിഫ് അലി എന്നിവരുടെ ഒഫീഷ്യൽ സോഷ്യൽ മീഡിയ പേജിലൂടെ റിലീസ് ചെയ്തു. സുധീഷ്,ഐ എം വിജയൻ,അരുൺ നാരായണൻ,സുനിൽ സുഖദ,സിനോജ് വർഗ്ഗീസ്,കലാഭവൻ ജിന്റോ,ശിവദാസ് കണ്ണൂർ,വിനോദ് ബോസ്,ഗൗതം ഹരിനാരായണൻ, സുരേന്ദ്രൻ കാളിയത്ത്,സൗമ്യ മാവേലിക്കര,അപർണ്ണ ശിവദാസ് തുടങ്ങിയവരാണ് മറ്റു പ്രമുഖ താരങ്ങൾ.ദക്ഷിണ കാശി പ്രൊഡക്ഷന്റെ ബാനറിൽ സുജീഷ് ദക്ഷിണ കാശിനിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം സെൽവ കുമാർ എസ് നിർവ്വഹിക്കുന്നു.കെ എൽ എം സുവർദ്ധൻ,അനൂപ് തൊഴുക്കര എന്നിവർ എഴുതിയ വരികൾക്ക് ഉണ്ണി നമ്പ്യാർ സംഗീതം പകരുന്നു. ഗായകർവിജയ് യേശുദാസ്, വൈക്കം വിജയലക്ഷ്മി,സിത്താര കൃഷ്ണകുമാർ, ബേബി കാശ്മീരഎന്നിവരാണ് ഗായകർ.സുജീഷ് ദക്ഷിണ കാശി ,ഗോപിനാഥൻ പാഞ്ഞാൾ എന്നിവർ ചേർന്ന് കഥ തിരക്കഥ സംഭാഷണമെഴുതുന്നു.എഡിറ്റർഅച്ചു വിജയൻ.പ്രൊജക്റ്റ് ഡിസൈനർസുധീർ കുമാർ,പ്രൊഡക്ഷൻ കൺട്രോളർമുകേഷ് തൃപ്പൂണിത്തുറ,കലജീമോൻ എൻ എം, മേക്കപ്പ്സുധീഷ് വണ്ണപ്പുറം,കോസ്റ്റ്യൂംസ്അക്ഷയ പ്രേംനാഥ്,സ്റ്റിൽസ് ജയപ്രകാശ് അതളൂർ,ഡിസൈൻമനു ഡാവിഞ്ചി,ചീഫ് അസോസിയേറ്റ് ഡയറക്ടർരാഹുൽ കൃഷ്ണ, അസോസിയേറ്റ് ഡയറക്ടർഎ ജി അജിത്കുമാർ, നൃത്തം ശ്രീജിത്ത് പി ഡാസ്ലേഴ്സ്,പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്സന്തോഷ് ചങ്ങനാശ്ശേരി,ലോക്കേഷൻ മാനേജർ നിധീഷ്,പി ആർ ഒ എ എസ് ദിനേശ്.



# അവതാരകർക്കായി അവതാർ

**കൊച്ചി:** ഓൾ വീഡിയോ ഓഡിയോ ടെലിവിഷൻ ആങ്കേഴ്സ് ആന്റ് ആർജേസ് ഔദ്യോഗിക പ്രഖ്യാപനവും, അംഗത്വ രജിസ്ട്രേഷനും കൊച്ചിയിൽ നടന്നു. ചലച്ചിത്ര താരം ഹരിശ്രീ അശോകൻ ഉദ്ഘാടനം ചെയ്തു.

വിവിധ പ്ലാറ്റ്ഫോമുകളിൽ പ്രവർത്തിക്കുന്ന അവതാരകരുടെ ക്ഷേമത്തിനായാണ് അവതാർ എന്ന സംഘടനയ്ക്ക് രൂപം നല്കിയത്. കൊച്ചിയിലെ ഹോട്ടൽ ബുറൂജിൽ നടന്ന ചടങ്ങിൽ സംഘടനയുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും ഹരീശ്രീ അശോകൻ അംഗങ്ങൾക്ക് കൈമാറി.

അവതാർ പ്രസിഡന്റ് രാജാ സാഹിബ് അധ്യക്ഷനായിരുന്നു. സെക്രട്ടറി സൗമ്യ, കെ എസ് പ്രസാദ്, ഏലൂർ ജോർജ്, പ്രശാന്ത് അലക്സാണ്ടർ, നിപിൻ നവാസ്, ജോയ് ജോൺ, സുനീഷ് വാരനാട്, റോയ് മണപ്പള്ളി, സനൽ പോറ്റി, വിനീത് കുമാർ, ഹരി പത്തനാപുരം, ഹരിശ്രീ യുസഫ്, ഫാസിൽ ബഷീർ ,ഇബ്രു പെരിങ്ങല, ഹരി എസ് കുറുപ്പ്, കലാഭവൻ ജിന്റോ, പ്രതീഷ് ശേഖർ തുടങ്ങിയവർ പങ്കെടുത്തു. തുടർന്ന് അംഗങ്ങളുടെ വിവിധ കലാപരിപാടികളും നടന്നു.

# ഭീഷ്മപർവത്തിന് ശേഷം ധീരനുമായി ദേവദത്ത് ഷാജി

ഭീഷ്മപർവം എന്ന ഒറ്റ മെഗാഹിറ്റ് ചിത്രത്തിലൂടെ മലയാളികൾക്ക് സുപരിചിതനായ ദേവദത്ത് ഷാജി സംവിധായകനാവുന്നു. ധീരൻ എന്ന് പേരിട്ടിരിക്കുന്ന ചിത്രത്തിൻറെ രചനയും ദേവദത്ത് തന്നെയാണ്. രാജേഷ് മാധവൻ നായകനാകുന്ന ധീരൻറെ ചിത്രീകരണം പനിച്ചയത്ത് ആരംഭിച്ചു.

ജാൻ.എ.മൻ, ജയ ജയ ജയ ജയ ഹേ, ഫാലിമി എന്നീ ചിത്രങ്ങൾക്ക് ശേഷം ചീയേഴ്സ് എൻറർടൈൻമെൻറ്സിൻറെ ബാനറിൽ ലക്ഷ്മി വാര്യരും ഗണേഷ് മേനോനും ചേർന്ന് നിർമിക്കുന്ന ചിത്രത്തിൽ ജഗദീഷ്, മനോജ് കെ. ജയൻ, ശബരീഷ് വർമ്മ, അശോകൻ, വിനീത്, സുധീഷ്, അഭിരാം രാധാകൃഷ്ണൻ എന്നിവരാണ് മറ്റ് താരങ്ങൾ.

അർബൻ മോഷൻ പിക്ചർസും,യുവി ആർമൂവീസ്, ജാസ് പ്രൊഡക്ഷൻസ് എന്നിവരാണ് സഹനിർമാതാക്കൾ. സംവിധായകനും തിരക്കഥാകൃത്തുമായിരുന്ന ലോഹിതദാസിൻറെ മകൻ ഹരികൃഷ്ണൻ ലോഹിതദാസ് ആണ് ധീരൻറെ ഛായാഗ്രഹണം നിർവഹിക്കുന്നത്.സംഗീതം: മുജീബ് മജീദ്, എഡിറ്റിംഗ്: ഫിൻ ജോർജ്ജ് വർഗീസ്, പ്രൊഡക്ഷൻ കൺട്രോളർ പ്രണവ് മോഹൻ, പ്രൊഡക്ഷൻ ഡിസൈനർ സുനിൽ കുമാരൻ, ലിറിക്സ് വിനായക് ശശികുമാർ, കോസ്റ്റ്യൂംസ് സമീറ സനീഷ്, മേക്കപ്പ് സുധി സുരേന്ദ്രൻ, ആക്ഷൻ ഡയറക്ടർ മഹേഷ് മാത്യു, സൗണ്ട് ഡിസൈൻ വിക്കി, ചീഫ് അസോസിയേറ്റ് ഡയറക്ടർ സുധീഷ് രാമചന്ദ്രൻ, പിആർഒ വൈശാഖ് വടക്കേവീട്, ജിനു അനിൽകുമാർ.




# കാർഡിയോളജിക്കൽ സൊസൈറ്റി കേരള ചാപ്റ്റർ വാർഷിക സമ്മേളനം

**ആലപ്പുഴ :** കാർഡിയോളജിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യ, കേരള ചാപ്റ്ററിന്റെ (സിഎസ്ഐകെ) വാർഷിക സമ്മേളനം റമദ ഹോട്ടലിൽ നടന്നു.

ഹൃദ്രോഗ ചികിത്സയിലെ നൂതന സാങ്കേതിക വിദ്യകളും, ശസ്ത്രക്രിയാ രീതികളും, പ്രതിരോധ തന്ത്രങ്ങളും ചർച്ച ചെയ്ത സമ്മേളനത്തിൽ മുന്നൂറിലധികം ഹൃദ്രോഗ വിദഗ്ധരും ഫാക്കൽറ്റികളും, ഗവേഷകരും പങ്കെടുത്തു. സിഎസ്ഐകെ പ്രസിഡന്റ് ഡോ.ജയഗോപാൽ പി.ബി സമ്മേളനം ഉദ്ഘാടനം ചെയ്തു.

'ചികിത്സയിൽ സാധ്യമായ മികച്ച ഫലങ്ങൾ ഉറപ്പാക്കാൻ സമയബന്ധിതമായ പ്രവർത്തനം നിർണായകമാണെന്ന് ഡോ. ജയഗോപാൽ പറഞ്ഞു, ഹൃദയാഘാത സമയത്ത് രക്തയോട്ടം പുനഃസ്ഥാപിക്കുന്നതിന് പെർക്യുട്ടേനിയസ് കൊറോണറി ഇന്റർവെൻഷൻസ് (പിസിഐ) പോലുള്ള ജീവൻ രക്ഷാ നടപടിക്രമങ്ങൾ നടത്തുന്നതിന് അത്യാധുനിക കത്തീറ്ററൈസേഷൻ ലബോറട്ടറികളുടെ (കാത്ത് ലാബ്) പങ്ക് ചെറുതല്ല. 125ലധികം കാത്ത് ലാബുകൾ സംസ്ഥാനത്തുണ്ട്. ഇത് ദേശീയ ശരാശരിയേക്കാൾ ഏറെ കൂടുതലാണ്. ഹൃദയ സംബന്ധമായ ഇൻഫ്രാസ്ട്രക്ചറുകളുടെ കാര്യത്തിൽ കേരളം ദേശീയതലത്തിൽ വേറിട്ടുനിൽക്കുന്നു. ഹൃദ്രോഗ ചികിത്സ ഉറപ്പുവരുത്തുന്നതിന് ആരോഗ്യ മേഖലയിൽ സംസ്ഥാനത്തിന്റെ തയ്യാറെടുപ്പ് പ്രശംസനീയമാണ്. എന്നാൽ ഒരു യോജിച്ച ആരോഗ്യ സംരക്ഷണ സംവിധാനം നമുക്ക് വേണം. സർക്കാർ, മെഡിക്കൽ പ്രൊഫഷണലുകൾ, സന്നദ്ധ സംഘടനകൾ, വ്യക്തികൾ എന്നിവരുടെ പിന്തുണയോടെ ദ്രുതഗതിയിൽ പ്രതികരിക്കുന്ന ഒരു ആരോഗ്യ പരിരക്ഷാ സംവിധാനമാണ് ഒരുക്കേണ്ടതെന്ന് ഡോ. ജയഗോപാൽ പറഞ്ഞു.

ഓർഗനൈസിങ് സെക്രട്ടറി ഡോ.സാജൻ അഹമ്മദ് ഹൃദയാഘാത അതിജീവന നിരക്ക് മെച്ചപ്പെടുത്താനുള്ള മാർഗ്ഗങ്ങൾ വിശദീകരിച്ചു.

സുസജ്ജമായ ഹൃദ്രോഗ എമർജൻസി ആശുപത്രികൾ നമുക്കുണ്ട്. ഇവയ്ക്ക് പ്രദേശത്തെ നാട്ടുകാരുമായി സജീവമായി ഇടപഴകാൻ കഴിയണം. പ്രഥമശുശ്രൂഷ, സി.പി.ആർ തുടങ്ങിയവയിൽ പരിശീലനം നൽകിയാൽ പൊതുജനങ്ങളെ ശാക്തീകരിക്കാൻ സാധിക്കും, അദ്ദേഹം പറഞ്ഞു.

ഉദ്ഘാടന സമ്മേളനത്തിൽ ഓർഗനൈസിങ്ങ് ചെയർമാൻ ഡോ. കെ. എസ് മോഹനൻ, ഓർഗനൈസിങ് സെക്രട്ടറി ഡോ.സാജൻ അഹമ്മദ്, വൈസ് പ്രസിഡന്റ് ഡോ.ശിവപ്രസാദ് കെ , സെക്രട്ടറി ഡോ.അഷ്റഫ് എസ്എം ഡോ.രവീന്ദ്രൻ (ട്രഷറർ, സിഎസ്ഐകെ) എന്നിവർ സംസാരിച്ചു. കേരള ഹാർട്ട് ജേണലിന്റെ ഏറ്റവും പുതിയ ലക്കവും കോൺജെനിറ്റൽ ഹാർട്ട് ഡിസീസ് അറ്റ്ലസ് ഓഫ് എക്കോകാർഡിയോഗ്രാഫി എന്ന പുസ്തകവും ഉദ്ഘാടന ചടങ്ങിൽ പ്രകാശനം ചെയ്തു.രണ്ട് ദിവസങ്ങളിലായി, പ്രിവന്റീവ് കാർഡിയോളജി, സങ്കീർണ്ണമായ ശ്സത്രക്രിയകൾ എന്നിവ ഉൾക്കൊള്ളുന്ന അനേക ശാസ്ത്ര സെഷനുകൾ നടന്നു.

# ന്യൂനപക്ഷ അവകാശങ്ങളെ കുറിച്ചുള്ള സെമിനാർ നടന്നു



**പത്തനംതിട്ട:** നാഷണൽ ക്രിസ്ത്യൻ മൂവ്മെന്റ് ഫോർ ജസ്റ്റിസിന്റെയും സിഎസ്ഐ ചർച്ച് മദ്ധ്യ കേരള മഹാ ഇടവക ഇലന്തൂർ വൈദിക ജില്ലയുടെ ആഭിമുഖ്യത്തിൽ ന്യൂനപക്ഷ അവകാശങ്ങളെ കുറിച്ചുള്ള അറിയാം അറിയിക്കാം സെമിനാർ പത്തനംതിട്ട റോയൽ ഓഡിറ്റോറിയം വെച്ച് നടന്നു.

സിഎസ്ഐ ചർച്ച് മദ്ധ്യ കേരള മഹാ ഇടവക ഇലന്തൂർ വൈദിക ജില്ല ചെയർമാൻ റവ വർഗ്ഗീസ് മാത്യു ഉദ്ഘാടനം നിർവഹിച്ചു റവ ഷാജി കെ ജോർജ് അദ്ധ്യക്ഷത വഹിച്ച

സെമിനാറിൽ നാഷണൽ ക്രിസ്ത്യൻ മൂവ്മെന്റ് ഫോർ ജസ്റ്റീസ് അഡ്വൈസറി കൗൺസിൽ മെമ്പർ ഫാദർ: ബെന്യാമിൻ ശങ്കരത്തിൽ സംസാരിച്ചു. കേന്ദ്ര സംസ്ഥാന സർക്കാരുകളിൽനിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ, സ്കോളർഷിപ്പുകൾ, വായ്പകൾ, ന്യൂനപക്ഷ അവകാശങ്ങൾ എന്നിവയേ കുറിച്ച് സെമിനാറിൽ ചർച്ചകൾ നടന്നു. മനുഷ്യാവകാശ പ്രവർത്തകരും, ന്യൂനപക്ഷകാര്യ വിദഗ്ധർ പങ്കെടുത്ത യോഗത്തിൽ റവ ജോണി ആൻഡ്രൂസ്, പ്രൊഫസർ ജോർജ് മാത്യു, കേരള കൗൺസിൽ ഓഫ് ചർച്ചസ് കറന്റ് അഫേഴ്സ് സംസ്ഥാന വൈസ് ചെയർമാൻ അനീഷ് തോമസ്, റവ ഡീക്കൻ അൽവിൻ സാം, റവ പിജെ റെജി എന്നിവർ പങ്കെടുത്തു.


# സംസ്ഥാന സ്കൂൾ കായിക മേള; ലൈറ്റ് ആന്റ് സൗണ്ട് സ്വിച്ച്ഓൺ കർമ്മം നിർവ്വഹിച്ചു

**കൊച്ചി:**സംസ്ഥാന സ്കൂൾ കായിക മേളക്ക് ആരംഭം കുറിക്കുന്നതിലേക്കുള്ള ലൈറ്റുകളുടെ സ്വിച്ച്ഓൺ കർമ്മം പ്രധാന വേദിയായ മഹാരാജ് സ് ഗ്രൗണ്ടിൽ ടി.ജെ വിനോദ് എം.എൽ എ, കലക്ടർ എൻ എസ് കെ ഉമേഷും ചേർന്ന് നിർവ്വഹിച്ചു.

പ്രധാന വേദിയിൽ മാത്രം ഒന്നര ലക്ഷം വാട്ട്സിന്റെ ശബ്ദ സംവിധാനങ്ങളാണ് ക്രമീകരിച്ചിട്ടുള്ളത്. ഗ്രൗണ്ടിൽ ആകെ ദീപാലങ്കാരങ്ങളും ഒരിക്കയട്ടുണ്ട്. ഡി.ജി ഇ ജീവൻ ബാബു , ഡി.ഡി ഇ ഹണി ജി അലക്സാണ്ടർ, ലൈറ്റ് ആന്റ് സൗണ്ട് കൺവീനർ ടി.യു സാദത്ത് ഭാരവാഹികളായ രഞ്ജിത്ത് മാത്യു, അജിമോൻ പൗലോസ്, തോമസ് പീറ്റർ, പാൻസി ഫ്രാൻസീസ്, ജൂലിയാമ്മ മാത്യു, എം.ജി പ്രസാദ് തുടങ്ങിയവർ പങ്കെടുത്തു.

അധ്യാപക സംഘടനയായ കെ.പി.എസ്.ടി.എ ഏറ്റെടുത്തിട്ടുള്ള ലൈറ്റ് ആൻറ് സൗണ്ട് കമ്മറ്റി മറ്റ് 18 വേദികളിലും ആവശ്യമായ ശബ്ദവും വെളിച്ചവും ക്രമീകരികരിക്കുന്നതോടൊപ്പം ജില്ലയിലെ മുഴുവൻ അക്കൊമഡേഷൻ സെന്ററുകളും ആവശ്യമായ വെളിച്ച സംവിധാനങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത്.

# ജലമണ്ണ് ഗുണനിലവാര പരിശോധനയിൽ ഹ്രസ്വ കാല കോഴ്സുമായി സിഎംഎഫ്ആർഐ




**കൊച്ചി:** കടൽജൈവവൈവിധ്യത്തിന്റെ ഭാഗമായ ജലമണ്ണ് ഗുണനിലവാര പരിശോധന രീതികൾ പരിശീലിപ്പിക്കുന്നതിന് ഹ്രസ്വ കാല കോഴ്സുമായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ). പരിശീലന പരിപാടി നവംബർ 25 മുതൽ 29 വരെ സിഎംഎഫ്ആർഐയിൽ നടക്കും.

കോഴ്സിൽ ജലഗുണനിലവാര പരിശോധന, മണ്ണിനങ്ങളുടെ സ്വഭാവനിർണയം, സമുദ്രമലിനീകരണം തിരിച്ചറിയൽ, പരിശോധനകൾക്ക് ആവശ്യമായ ഉപകരണങ്ങളുടെ ഉപയോഗം തുടങ്ങിയവ പരിചയപ്പെടുത്തും. സാമ്പിളുകൾ ശേഖരിക്കുന്നതിന് ഫീൽഡ് ട്രിപ്പുമുണ്ടാകും.

വെള്ളത്തിൽ അലിഞ്ഞുചേരുന്ന ഓക്സിജന്റെ അളവ്, പോഷകങ്ങളുടെ സാന്ദ്രത, ജലത്തിലെ മലിനീകരണത്തിന്റെ സാന്നിധ്യം, മൺതരികളുടെ സ്വഭാവം, മണ്ണിലടങ്ങിയിരിക്കുന്ന ജൈവ പദാർത്ഥങ്ങളുടെ തോത് തുടങ്ങിയുള്ള സുപ്രധാന പരിശോധനരീതികൾ പരിശീലിപ്പിക്കും.

സിഎംഎഫ്ആർഐ നടത്തി വരുന്ന 'നോ യുവർ മറൈൻ ബയോഡൈവേഴ്സിറ്റി' പരിശീലന പരമ്പരയുടെ ഭാഗമായാണിത്. സമുദ്രജൈവവൈവിധ്യ പരിസ്ഥിതി പഠനവുമായ ബന്ധപ്പെട്ട് മണ്ണ്ജലഗുണനിലവാര പരിശോധനരീതികളിൽ പ്രായോഗിക പരിശീലനം ആഗ്രഹിക്കുന്നവർക്ക് കോഴ്സിൽ പങ്കെടുക്കാം. മുൻകൂട്ടി രജിസ്റ്റർ ചെയ്യണം. വെബ്സൈറ്റിൽ നൽകിയ ഗൂഗിൾ ഫോം വഴിയാണ് അപേക്ഷിക്കേണ്ടത്. അവസാന തീയതി നവംബർ 10. കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റ് www.cmfri.org.in.

# ഇൻഹേൽഡ് നൈട്രിക് ഓക്സൈഡ് ചികിത്സയിലൂടെ അട്ടപ്പാടിയിലെ നവജാത ശിശുവിന് പുനർജന്മം

**തൃശൂർ:** ഗർഭാവസ്ഥയിൽ ഹൃദയമിടിപ്പിന് വ്യതിയാനം കണ്ടതിനാൽ ജനന തീയതിയ്ക്ക് മുൻപേ ശസ്ത്രക്രിയയിലൂടെ പുറത്തെടുക്കേണ്ടി വന്ന പാലക്കാട് അട്ടപ്പാടിയിലെ നവജാത ശിശുവിനെ നൂതന ചികിത്സയിലൂടെ രക്ഷിച്ചെടുത്ത് തൃശൂർ മെഡിക്കൽ കോളേജ്. നവജാതശിശു തീവ്രപരിചരണ വിഭാഗത്തിൽ ആധുനിക എച്ച്.എഫ്.ഒ.വി. വെന്റിലേറ്റർ സൗകര്യവും ലക്ഷങ്ങൾ ചിലവ് വരുന്ന ഇൻഹേൽഡ് നൈട്രിക് ഓക്സൈഡ് ചികിത്സയും ലഭ്യമാക്കിയാണ് കുഞ്ഞിനെ രക്ഷിച്ചെടുത്തത്. വിദഗ്ധ ചികിത്സ നൽകി കുഞ്ഞിന്റെ ജീവൻ രക്ഷിച്ച മുഴുവൻ ടീം അംഗങ്ങളേയും ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു.

കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിലാണ് പ്രസവ ശസ്ത്രക്രിയ നടത്തിയത്. ശ്വാസതടസം അനുഭവപ്പെട്ടതിനാൽ കുഞ്ഞിനെ ഐസിയുവിൽ പ്രവേശിപ്പിക്കുകയും സ്ഥിതി സങ്കീർണമായതിനാൽ തൃശൂർ മെഡിക്കൽ കോളേജിൽ എത്തിക്കുകയും ചെയ്തു. ഉടൻ തന്നെ കുഞ്ഞിനെ നവജാതശിശു തീവ്ര പരിചരണ വിഭാഗത്തിൽ പ്രവേശിപ്പിച്ച് വിദഗ്ധ ചികിത്സ നൽകി. രണ്ട് ശ്വാസകോശങ്ങളിലും ട്യൂബ് ഇട്ടാണ് വിദഗ്ധ പരിചരണമൊരുക്കിയത്. എസ്.എൻ.സി.യു.വിലെ ഡോക്ടർമാരുടെയും നഴ്സുമാരുടെയും മൂന്നാഴ്ചയിലേറെ നീണ്ട തീവ്രപരിചരണത്തിലൂടെയാണ് കുഞ്ഞിനെ ജീവിതത്തിലേക്ക് കൈ പിടിച്ചുയർത്താനായത്. പൂർണ ആരോഗ്യവാനായ കുഞ്ഞിനെ മാതാപിതാക്കൾക്ക് കൈമാറി.

രാജ്യത്ത് തന്നെ ഏറ്റവും കുറവ് ശിശുമരണ നിരക്കുള്ള സംസ്ഥാനമാണ് കേരളം. പ്രസവം നടക്കുന്ന ആശുപത്രികളിൽ മികച്ച സൗകര്യങ്ങളൊരുക്കി വരുന്നു. 11 ആശുപത്രികൾക്ക് ദേശീയ ലക്ഷ്യ സർട്ടിഫിക്കേഷൻ ലഭിച്ചു. ജന്മനായുള്ള കുഞ്ഞുങ്ങളുടെ ഹൃദ്രോഗം പരിഹരിക്കുന്നതിന് ഹൃദ്യം, കുട്ടികളുടെ ചികിത്സയ്ക്കായുള്ള ആരോഗ്യ കിരണം, ശലഭം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ജനന സമയത്തുള്ള കുഞ്ഞുങ്ങളുടെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി ചികിത്സ ഉറപ്പാക്കാനായുള്ള സംവിധാനങ്ങളുമൊരുക്കിയിട്ടുണ്ട്. ഗർഭാവസ്ഥയിൽ തന്നെ കുഞ്ഞുങ്ങളുടെ അവസ്ഥ മനസിലാക്കി തുടർ ചികിത്സ ഉറപ്പാക്കാൻ ഫീറ്റൽ മെഡിസിൻ വിഭാഗവും ആരംഭിച്ചു.

തൃശൂർ മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ട് ഡോ. രാധിക, ആർ.എം.ഒ. ഡോ. ഷാജി അബു, പീഡിയാട്രിക് വിഭാഗം മേധാവി ഡോ. അജിത് കുമാർ, നിയോനേറ്റോളജിസ്റ്റ് ഡോ. ഫെബി എന്നിവരുടെ നേതൃത്വത്തിലാണ് ചികിത്സ ഏകോപിപ്പിച്ചത്.

# മുംബൈക്ക് മുന്നിൽ മുട്ടുകുത്തി ബ്ലാസ്റ്റേഴ്സ്

**മുംബൈ:** ഐഎസ്എലിൽ മുംബൈ സിറ്റിയ്ക്ക് മുന്നിൽ അടിതെറ്റി കേരള ബ്ലാസ്റ്റേഴ്സ് . 2, 4നായിരുന്നു തോൽവി. സമനില പിടിച്ചശേഷമാണ് രണ്ട് ഗോൾ വഴങ്ങിയത്. 72ാം മിനിറ്റിൽ ക്വാമി പെപ്ര രണ്ടാം മഞ്ഞക്കാർഡ് വഴങ്ങി പുറത്തായശേഷം പത്ത് പേരുമായാണ് ബ്ലാസ്റ്റേഴ്സ് കളി പൂർത്തിയാക്കിയത്. 2, 2ന് നിൽക്കുന്ന സമയത്തായിരുന്നു പെപ്രയുടെ പുറത്താകൽ. പെപ്രയും പെനൽറ്റിയിലൂടെ ഹെസ്യൂസ് ഹിമിനെസും ലക്ഷ്യം കണ്ടു. മുംബൈക്കായി നിക്കോ കരെലിസ് ഇരട്ടഗോളടിച്ചു. നതാൻ റോഡ്രിഗസും ലല്ലിയൻസുവാല ചങ്തെയും മറ്റ് ഗോളുകൾ നേടി. മുംബൈയുടെ രണ്ട് ഗോൾ പെനൽറ്റിയിലൂടെയായിരുന്നു.ഏഴ് കളിയിൽ എട്ട് പോയിന്റുമായി പത്താമതാണ് ബ്ലാസ്റ്റേഴ്സ്.



മാറ്റങ്ങളില്ലാതെയാണ് കേരള ബ്ലാസ്റ്റേഴ്സ് ഇറങ്ങിയത്. ഗോൾമുഖത്ത് സോംകുമാർ. പ്രതിരോധത്തിൽ പ്രീതം കോട്ടൽ, നവോച്ച സിങ്, റുയ്വാ ഹോർമിപാം, സന്ദീപ് സിങ്. മധ്യനിരയിൽ വിബിൻ മോഹനൻ, ഡാനിഷ് ഫാറൂഖ്, അഡ്രിയാൻ ലൂണ, അലെക്സാൻഡ്രെ കൊയെഫ്. മുന്നേറ്റത്തിൽ ക്വാമി പെപ്രയും ഹെസ്യൂസ് ഹിമിനെസും. മുംബൈ ഗോൾ കീപ്പർ പുർബ ലാൽചെൻപ. നതാൻ റോഡ്രിഗസ്, മെഹ്താബ് സിങ്, ടിരി, വാൽപുയ എന്നിവർ പ്രതിരോധത്തിൽ. മധ്യനിരയിൽ ജോൺ ടൊറാൽ, വാൻ നീഫ്, ബ്രിസൻ ഫെർണാണ്ടസ്. മുന്നേറ്റത്തിൽ ലല്ലിയാൻസുവാല ചങ്തെ, നിക്കോ കരെലിസ്, ബിപിൻ സിങ്.

പ്രതിരോധത്തിൽ ശ്രദ്ധയൂന്നിയാണ് ബ്ലാസ്റ്റഴ്സ് കളി തുടങ്ങിയത്. എന്നാൽ ഒമ്പതാം മിനിറ്റിൽ ഗോൾ വഴങ്ങി. ചങ്തെയുടെ വലതുവശത്തുനിന്നുള്ള ക്രോസ് കൃത്യമായി പിടിച്ചെടുക്കാൻ സോമിന് കഴിഞ്ഞില്ല. പന്ത് അടിച്ചൊഴിവാക്കാൻ ഹോർമിപാമിനും കഴിഞ്ഞില്ല. ഇടതുവശത്ത് ഒഴിഞ്ഞുനിന്ന കരെലിസ് അനായാസം പന്ത് വലയിലാക്കി. മറുവശത്ത് ഹോർമിപാമിന്റെ തകർപ്പൻ ക്രോസ് മെഹ്താബ് അടിച്ചൊഴിവാക്കി. നവോച്ചയുടെ നീക്കവും മെഹ്താബ് തടഞ്ഞു. മുംബൈ മുന്നേറ്റക്കാരൻ ബ്രിസന്റെ കുതിപ്പിനെ ഗോൾ കീപ്പർ സോം സമർഥമായി തടഞ്ഞു. ഇടവേളയ്ക്ക് പിരിയുന്നതിന് മുമ്പ് ഹിമിനെസ് രണ്ട് തവണ അവസരം കിട്ടിയെങ്കിലും ലക്ഷ്യത്തിലേക്ക് തൊടുത്തെങ്കിലും വല കണ്ടില്ല.

ഇടവേളയ്ക്കുശേഷം ബ്ലാസ്റ്റേഴ്സ് രണ്ട് മാറ്റങ്ങൾ വരുത്തി. സന്ദീപിന് പകരം കോറു സിങ്ങും ഡാനിഷിന് പകരം ഫ്രെഡിയുമെത്തി. 55ാം മിനിറ്റിൽ ബ്ലാസ്റ്റേഴ്സ് രണ്ടാം ഗോൾ വഴങ്ങി. കോർണർ കിക്ക് തടയുന്നതിനിടെ പന്ത് പെപ്രയുടെ കൈയിൽ തട്ടി. റഫറി മുംബൈക്ക് അനുകൂലമായി പെനൽറ്റിക്ക് വിസിലൂതി. കരെലസിന്റെ കിക്ക് കൃത്യം വലയിൽ. എന്നാൽ ആ ഗോൾ ബ്ലാസ്റ്റേഴ്സിന്റെ വീര്യം ഉണർത്തുകയായിരുന്നു. ക്വാമി പെപ്ര മുംബൈ ഡിഫൻസിനെ വെട്ടിയൊഴിച്ച് മുന്നേറി. ബോക്സിൽ കടന്ന പെപ്രയെ വാൽപുയ പിടിച്ചുവീഴ്ത്തി, പെനൽറ്റി. ഹിമിനിസിന്റെ സൂപ്പർ കിക്ക് ലാൽചെൻപയെ കാഴ്ചക്കാരനാക്കി. പിന്നാലെ ഹിമിനസിന്റെ ഒന്നാന്തരം ഫ്രീകിക്ക് പോസ്റ്റിൽ തട്ടിത്തെറിച്ചു. പിന്നാലെയായിരുന്നു സമനില ഗോൾ. ലൂണയും വിബിനും കോറുവും ചേർന്നു നടത്തിയ നീക്കം. ഇടതുഭാഗത്ത് ലൂണയുടെ മികച്ച ക്രോസ്. അതിമനോഹരമായി പെപ്ര തലവച്ചു. പക്ഷേ, ജഴ്സി ഊരിയുള്ള ആഘോഷ പ്രകടനത്തിന് പെപ്രയ്ക്ക് രണ്ടാം മഞ്ഞക്കാർഡ് കിട്ടിയതോടെ ബ്ലാസ്റ്റേഴ്സ് പത്ത് പേരായി ചുരുങ്ങി. അതിന്റെ ആനുകൂല്യം മുംബൈ മുതലെടുത്തു. കോർണർ കിക്കിൽ തട്ടിത്തെറിച്ച പന്ത് നതാൻ വലയിലാക്കി. പെപ്ര പുറത്തായി മൂന്ന് മിനിറ്റിനുള്ളിലാണ് മുംബൈ ലീഡ് നേടിയത്.

87ാം മിനിറ്റിൽ കൊയെഫിന് പകരം മിലോസ് ഡ്രിൻസിച്ച് എത്തിച്ചു. 89ാം മിനിറ്റിൽ മറ്റൊരു പിഴവിൽ ബ്ലാസ്റ്റേഴ്സ് നാലാം ഗോളും വഴങ്ങി. ജെറെമി മൻസോറോയെ വിബിൻ ബോക്സിൽ വീഴ്ത്തിയതിന് പെനൽറ്റി. ചങ്തെ പെനൽറ്റിയിലൂടെ മുംബൈയുടെ ലീഡുയർത്തി. നവംബർ ഏഴിന് ഹൈദരബാദ് എഫ്സിയുമായാണ് ബ്ലാസ്റ്റേഴ്സിന്റെ അടുത്ത മത്സരം. കൊച്ചിയാണ് വേദി.




## ദേശീയ റെക്കോർഡിട്ട് ഇന്റർസ്കൂൾ ചെസ് ടൂർണമെന്റ്

**കൊച്ചി:** റൊട്ടേറിയൻ വി കെ കൃഷ്ണകുമാറിന്റെ സ്മരണാർഥം കോ ഫീ അവതരിപ്പിച്ച അഖില കേരള ഇന്റർസ്കൂൾ ചെസ്സ് ടൂർണമെന്റ് റോയൽ ഗാംബിറ്റ് സീസൺ 2 കളമശ്ശേരി രാജഗിരി പബ്ലിക് സ്കൂളിൽ നടത്തി. 228 സ്കൂളുകളിൽ നിന്നായി 1550ലേറെ വിദ്യാർഥികൾ ടൂർണമെന്റിൽ പങ്കെടുത്തു.

യൂണിവേഴ്സൽ റെക്കോർഡ് ഫോറം ഇന്ത്യയിലെ ഏറ്റവും കൂടുതൽ മൽസരാർഥികൾ പങ്കെടുത്ത സ്കൂൾവിദ്യാർഥികളുടെ ടൂർണമെന്റ് എന്ന നിലയിൽ ദേശീയ റെക്കോർഡ് കരസ്ഥമാക്കി.

റോട്ടറി കൊച്ചിൻ റോയൽസ് പ്രസിഡന്റ് അനോജ് തോമസ് അധ്യക്ഷത വഹിച്ചു. ചടങ്ങിൽ ഡിസ്ട്രിക്ട്ഗവർണർ ഇലക്ട് ഡോ. ജി എൻ രമേശ്, രാജഗിരി പബ്ലിക് സ്കൂൾ ഡയറക്ടർ റവ. ഫാ. പൗലോസ് കിടങ്ങന്എതിരെ കരു നീക്കി ടൂർണ്ണമെന്റ് ഉദ്ഘാടനം നിർവഹിച്ചു.

ചീഫ് ആർബിറ്റർ ശുഭ രാകേഷ് സ്വാഗതം ആശംസിച്ചു. കീ വാല്യു സി ഐ ഒ ദീപക് മേനോൻ, രാജഗിരി പബ്ലിക്സ്കൂൾ പ്രിൻസിപ്പൽ റൂബി ആന്റണി, അസിസ്റ്റന്റ് ഗവർണർ സഞ്ജീവ് സാമുവൽ, രമേഷ് കൊങ്ങാട്ടിൽ, രാജഗിരിപബ്ലിക്ക് സ്കൂൾ ഹെഡ്മിസ്ട്രസ് വിജി വർഗീസ്, സിറ്റി സിൽക്സ് എം ഡി യൂസഫ് എന്നിവർ സംസാരിച്ചു.

കീ വാല്യു പ്രൊഡക്ട്സ് ഹെഡും സഹസ്ഥാപകയുമായ ശ്രീജ കെ ആർ സമ്മാനങ്ങൾ വിതരണം ചെയ്തു. സീനിയർ ചെസ് കളിക്കാരൻ ലക്ഷ്മണൻ, മാസ്റ്റർ ആദിക് തിയോഫിൻ ലെനിൻ എന്നിവരെ ചടങ്ങിൽ ആദരിച്ചു. റോട്ടറി കൊച്ചിൻ റോയൽസ് സെക്രട്ടറി തോമസ് മാർട്ടിൻ നന്ദി പറഞ്ഞു.

## ഇന്ത്യൻ റെയിൽവേ അഭൂതപൂർവമായ പുരോഗതി കൈവരിച്ചു: അശ്വിനി വൈഷ്ണവ്

**കോഴിക്കോട് :** കഴിഞ്ഞ പത്ത് വർഷത്തിനിടെ റെയിൽവേ മേഖലയിൽ അഭൂതപൂർവമായ പുരോഗതി കൈവരിച്ചതായി കേന്ദ്ര റെയിൽവെ, വാർത്താവിതരണ പ്രക്ഷേപണം, ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രി ശ്രീ അശ്വിനി വൈഷ്ണവ് പറഞ്ഞു. കഴിഞ്ഞ പത്ത് വർഷത്തിനിടെ 31,000 കിലോമീറ്റർ പുതിയ ട്രാക്കുകൾ ചേർത്തതായും കഴിഞ്ഞ വർഷം മാത്രം 5,300 കിലോമീറ്റർ ട്രാക്ക് പുതുതായി ചേർത്തതായും കോഴിക്കോട്ട് ഒരു സ്വകാര്യ മാധ്യമ പരിപാടിയിൽ സംസാരിക്കവെ കേന്ദ്രമന്ത്രി കൂട്ടിച്ചേർത്തു.



വന്ദേ ഭാരത് ട്രെയിനുകൾ, അമൃത് ഭാരത് ട്രെയിനുകൾ, നമോ ഭാരത് റാപ്പിഡ് റെയിൽ എന്നിവയിലൂടെ ട്രെയിൻ യാത്ര വരും വർഷങ്ങളിൽ പൂർണമായും പരിവർത്തനം ചെയ്യപ്പെടുമെന്ന് കേന്ദ്രമന്ത്രി പറഞ്ഞു. അമൃത് ഭാരത് പദ്ധതിക്ക് കീഴിൽ കേരളത്തിലെ 35 സ്റ്റേഷനുകൾ പുനർവികസിപ്പിച്ചുകൊണ്ടിരിക്കുന്നുണ്ട്.ഇതിന്റെ പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിക്കുന്നു. റെയിൽവേ ഭൂപടത്തിൽ കേരളത്തെക്കുറിച്ച് സംസാരിക്കവെ, കഴിഞ്ഞ ഭരണകാലത്ത് കേരളത്തിന് റെയിൽവെ ബജറ്റ് 370 കോടി രൂപയായിരുന്നുവെന്ന് മന്ത്രി പറഞ്ഞു. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇത് 3000 കോടി രൂപയിലധികമായി. ഒരു അമൃത് ഭാരത് സ്റ്റേഷന് വേണ്ടി 370 കോടിയിലധികം രൂപയാണ് അനുവദിച്ചിരിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കോഴിക്കോട്ടും തിരുവനന്തപുരത്തും റെയിൽവേ സ്റ്റേഷനോട് അനുബന്ധിച്ച് ഐടി ഹബ്ബുകൾ വികസിപ്പിക്കുന്ന കാര്യം പരിഗണനയിലാണെന്നും മന്ത്രി കൂട്ടിച്ചേർത്തു.

ശബരി റെയിൽ പദ്ധതിയെക്കുറിച്ച് പരാമർശിക്കവേ, സംസ്ഥാന ഗവൺമെന്റ് ആവശ്യമായ രൂപരേഖ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചാൽ അത് ആരംഭിക്കുമെന്ന് കേന്ദ്രമന്ത്രി പറഞ്ഞു. ശബരി റെയിലിന് 50% ഫണ്ട് ന് പ്രതിബദ്ധത അറിയിച്ച ശേഷം, സംസ്ഥാനം നിരവധി പുതിയ നിബന്ധനകൾ വെക്കുകയാണെന്നും മന്ത്രി പറഞ്ഞു.

സർഗ്ഗാത്മകത മേഖലയിലെ വികസന പദ്ധതികളെ കുറിച്ച് സംസാരിക്കവേ, ഐഐടികളുടെയും ഐഐഎമ്മുകളുടെയും മാതൃകയിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിയേറ്റീവ് ടെക്നോളജികളുടെ ഒരു ശൃംഖല രാജ്യത്ത് സ്ഥാപിക്കുമെന്ന് മന്ത്രി പറഞ്ഞു. വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയം, രാജ്യത്ത് ചലച്ചിത്ര നിർമ്മാണത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും പരമ്പരാഗത സംവിധാനത്തിൽ നിന്ന് ഡിജിറ്റൽ രൂപത്തിലേക്കുള്ള മാറ്റം സുഗമമായി നടക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുന്നു. ജന്മഭൂമിയുടെ സുവർണ ജൂബിലി ആഘോഷ പരിപാടിയിൽ കേന്ദ്ര ന്യൂനപക്ഷകാര്യ, ഫിഷറീസ്, മൃഗസംരക്ഷണ, ക്ഷീരവികസന സഹമന്ത്രി ജോർജ്ജ് കുര്യൻ, രാജ്യസഭാ എംപി പി. ടി ഉഷ, മുൻ കേന്ദ്രമന്ത്രി വി മുരളീധരൻ എന്നിവരും പങ്കെടുത്തു.

സൊസൈറ്റി ടുഡേ SOCIETY TODAY



# സിഎസ്ആർ പദ്ധതി: കൊച്ചി കപ്പൽശാലയും കൊച്ചി നഗരസഭയും ധാരണാപത്രം കൈമാറി

**കൊച്ചി:** ആരോഗ്യ സൗഹൃദവും വൃത്തിയുള്ളതുമായ പൊതു ഇടങ്ങൾ രൂപപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കൊച്ചി കപ്പൽശാലയുടെ സിഎസ്ആർ പദ്ധതിയുടെ ഭാഗമായി കൊച്ചി നഗരസഭയുമായി ചേർന്ന് നഗരത്തിലെ പത്ത് ഇടങ്ങളിൽ സ്ഥാപിക്കുന്ന ഓപ്പൺ എയർ ജീംനേഷ്യം, ഇടക്കൊച്ചിയിലെ ഇ കെ നാരായണൻ സ്ക്വയർ നവീകരണം എന്നീ പദ്ധതികളുടെ ധാരണാപത്രം കൊച്ചി കപ്പൽശാല സിഎസ്ആർ വിഭാഗം മേധാവി പി. എൻ സമ്പത്ത് കുമാർ കൊച്ചി മേയർ അഡ്വ. എം. അനിൽകുമാറിന് കൈമാറി.ചടങ്ങിൽ സെന്റർ ഫോർ ഹെറിറ്റേജ് എൻവിയോൺമെന്റ് ആൻഡ് ഡെവലപ്മെന്റ് (സിഹെഡ്) ഡയറക്ടർ ഡോ. രാജൻ, കൊച്ചി കപ്പൽശാല സി എസ് ആർ വിഭാഗം മാനേജർ യൂസഫ് എ കെ, സി ഹെഡ് പ്രതിനിധി സിമ്മി. എസ് എന്നിവർ സന്നിഹിതരായിരുന്നു.

# എൻഎസ്ഇ ഇന്ത്യ മൊബൈൽ ആപ്പും വിവിധ ഭാഷകളിലെ വെബ്സൈറ്റും പുറത്തിറക്കി

**കൊച്ചി:** എൻഎസ്ഇയുടെ ഔദ്യോഗിക മൊബൈൽ ആപ്പായ എൻഎസ്ഇ ഇന്ത്യയും മലയാളം ഉൾപ്പെടെ 12 ഭാഷകളിൽ ഉള്ളടക്കം ലഭ്യമാക്കുന്ന പുതുക്കിയ വെബ്സൈറ്റും പുറത്തിറക്കി. രാജ്യത്തുടനീളമുള്ള നിക്ഷേപകരെ കൂടുതൽ ഉൾക്കൊള്ളുന്ന സാമ്പത്തിക സംവിധാനം സൃഷ്ടിക്കുന്നതിൻറെ ഭാഗമായാണ് എൻഎസ്ഇ ഇവ അവതരിപ്പിച്ചത്.എൻഎസ്ഇയുടെ വെബ്സൈറ്റ് ഇപ്പോൾ നിലവിലുള്ള ഇംഗ്ലീഷ്, ഹിന്ദി, മറാത്തി, ഗുജറാത്തി എന്നീ ഭാഷകൾക്ക് പുറമെ മലയാളം, അസമീസ്, ബംഗാളി, കന്നഡ, ഒറിയ, പഞ്ചാബി, തമിഴ്, തെലുങ്ക് എന്നീ ഭാഷകളിലുമാണ് ഉള്ളടക്കം ലഭ്യമാകുക.യാത്രകൾക്കിടയിലും സുരക്ഷിതവും കൂടുതൽ സവിശേഷതകൾ അടങ്ങിയതുമായ സംവിധാനമാണ് പുതുതായി അവതരിപ്പിച്ച മൊബൈൽ ആപ്പിലൂടെ ലഭ്യമാകുന്നത്. ഈ ആപ്പ് ആപ്പിൾ ആപ്പ് സ്റ്റോറിലും ആൻഡ്രോയിഡ് ആപ്പ് സ്റ്റോറിലും ലഭ്യമാണ്.സാമ്പത്തിക സംവിധാനങ്ങളിലേക്ക് കൂടുതൽ പേരെ ഉൾപ്പെടുത്തുന്നതാണ് ഈ പുതിയ നീക്കങ്ങളെന്നും പുതിയ സേവനങ്ങളും തൽസമയ വിവരങ്ങളും വഴി നിക്ഷേപകരെ കൂടുതൽ ശാക്തീകരിക്കുന്നതാണ് ഇവയെന്നും എൻഎസ്ഇ ചീഫ് ബിസിനസ് ഡെവലപ്മെൻറ് ഓഫിസർ ശ്രീരാം കൃഷ്ണൻ പറഞ്ഞു.

# മൊബൈൽ ഡാറ്റാ ട്രാഫിക്കിൽ മുന്നേറ്റം തുടർന്ന് ജിയോ

**കൊച്ചി / ന്യൂഡൽഹി:** റിലയൻസ് ജിയോ തുടർച്ചയായ മൂന്നാം പാദത്തിലും മൊബൈൽ ഡാറ്റാ ട്രാഫിക്കിൽ ലോക നേതാവായി തുടരുന്നതായി കൺസൾട്ടിംഗ് ആൻഡ് റിസർച്ച് കമ്പനിയായ ടെഫിഷ്യൻറ് പറഞ്ഞു. എക്സിൽ മൊബൈൽ ഡാറ്റാ ട്രാഫിക്കിനെ താരതമ്യം ചെയ്യുന്ന ഒരു ചാർട്ട് ടെഫിഷ്യന്റ് പങ്കിട്ടു.റിലയൻസ് ജിയോ തുടർച്ചയായ മൂന്നാം പാദത്തിലും മൊബൈൽ ഡാറ്റാ ട്രാഫിക്കിൽ ലോക നേതാവായി തുടരുന്നു.ലോഞ്ച് ചെയ്ത് രണ്ട് വർഷത്തിനുള്ളിൽ ജിയോ 5ഏയിൽ 148 ദശലക്ഷം വരിക്കാരിൽ എത്തിയതായും ടെഫിഷ്യൻറ് പറയുന്നു.

# ബ്രിഗേഡ് ഹോട്ടൽ വെഞ്ചേഴ്സ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** ദക്ഷിണേന്ത്യയിലെ രണ്ടാമത്തെ ഏറ്റവും വലിയ ചെയിൻ അഫിലിയേറ്റഡ് ഹോട്ടലുകളുടെ ഉടമയും ഡവലപ്പർമാരുമായ ബ്രിഗേഡ് ഹോട്ടൽ വെഞ്ചേഴ്സ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു. ഓഹരി ഒന്നിന് 10 രൂപ വീതം മുഖവിലയുള്ള 900 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ജെഎം ഫിനാൻഷ്യൽ ലിമിറ്റഡ്, ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# അബുദാബി ബിസിനസ് വീക് ഡിസംബർ 4 മുതൽ

**അബുദാബി:** അബുദാബി ബിസിനസ് വീക്കിന് ഡിസംബർ നാലിന് തുടക്കമാവും. ഡിസംബർ 6 വരെ അബുദാബി നാഷണൽ എക്സിബിഷൻ സെൻററിലാണ് പരിപാടി നടക്കുന്നത്. 'ഡെലിവർ വാല്യൂ, ക്രിയേറ്റ് ഇമ്പാക്ട് ' എന്ന പ്രമേയത്തിലാണ് പരിപാടി. എമിറേറ്റിൻറെ സാമ്പത്തിക വളർച്ചയെയും ബിസിനസ് സൗഹൃദ അന്തരീക്ഷം പരിപോഷിപ്പിക്കുന്നതിനുള്ള പ്രതിബദ്ധതയെയും പ്രതിഫലിപ്പിക്കുന്നതാകും സമ്മേളനം.

150 ലധികം പ്രഭാഷകരും 8,000 നയരൂപകർത്താക്കളും ബിസിനസ് എക്സിക്യൂട്ടിവുകളും പങ്കെടുക്കും. ലോകത്തിലെ ഏറ്റവും സമ്പന്നമായ നഗരങ്ങളിൽ ഒന്നാണ് അബുദാബി. യുഎഇ യുടെ തലസ്ഥാന നഗരത്തിന് 1.7 ട്രില്യൺ ഡോളറിൻറെ സോവറീൻ വെൽത്ത് ഫണ്ട് ആസ്തിയുണ്ട്. ജിസിസിയിലെ ഏറ്റവും ശക്തമായ സോവറീൻ ക്രെഡിറ്റ് റേറ്റിംഗ് അബുദാബിയിലാണ്.

ഇത് നിക്ഷേപകർക്ക് സാമ്പത്തിക വളർച്ചാ അവസരങ്ങളിലേക്ക് സമാനതകളില്ലാത്ത പ്രവേശനം നൽകുന്നുവെന്നും മിഡിൽ ഈസ്റ്റ്, നോർത്ത് ആഫ്രിക്ക (മിന) മേഖലയിൽ മികവുറ്റ നിലയിൽ ബിസിനസ് നടത്തുന്നതിൽ എമിറേറ്റ് ഒന്നാം സ്ഥാനത്താണ് എന്നും ദേശിയ വാർത്താ ഏജൻസിയായ വാമിൻറെ റിപ്പോർട്ടിൽ പറയുന്നു.

എഡിബിഡബ്ളിയു ബിസിനസുകൾ ശക്തിപ്പെടുത്തുന്നതിനും പൊതുസ്വകാര്യ മേഖലകൾ തമ്മിലുള്ള വർധിച്ച സഹകരണത്തിനും വളർച്ചയ്ക്കും വൈവിധ്യവത്കരണത്തിനും കാരണമാകുന്ന ഒരു ആവാസ വ്യവസ്ഥയെ വളർത്തിയെടുക്കുന്നതിനുള്ള നയങ്ങൾ രൂപീകരിക്കുമെന്ന് അബുദബി ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി (എഡിസിസിഐ) ചെയർമാൻ അഹമ്മദ് ജാസിം അൽ സആബി പറഞ്ഞു.